# Reaching Out

Quarterly of Pain and Palliative Care Society, Thrissur

VOLUME 18 ● ISSUE 2, 3, 4 ● DECEMBER 2021



Christmas Night - Paul Gauguin (1894)

നവവത്സരാശംസകൾ...

# ആദരാഞ്ജലികൾ...



**അന്നക്കുട്ടി**

(2016 മുതൽ നമ്മുടെ ക്ളിനിക്കിൽ സന്നദ്ധപ്രവർത്തകയായിരുന്നു)

**ഹൃ**ദയത്തിൽ നിന്ന് ഹൃദയത്തിലേയ്ക്ക് വഴിഞ്ഞൊഴുകുന്ന ആത്മാർത്ഥത - ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കുന്ന വ്യക്തിത്വം - അതാണ് അന്നംകുട്ടി ടീച്ചർ. എല്ലാവരുമായും സൗഹൃദം സ്ഥാപിക്കുന്നതിൽ അനന്യപാടവം. ജീവിതരീതിയിലും പെരുമാറ്റത്തിലും അതീവ ലാളിത്യം. ഒട്ടുംതന്നെ വക്രതയില്ലാതെ നേരാംവിധം മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ടീച്ചറുടെ ജീവിത ദർശനം അതിവിശാലം!

ഓരോ പെൺകുട്ടിയും ഓരോ കുടുംബത്തിന്റെ മണിവിളക്കാകേണ്ടവർ ആണെന്നും ആ വിളക്കുകൾ തെളിയുന്ന നല്ല കുടുംബങ്ങൾ നല്ല സമൂഹത്തിന്റെ അടിത്തറയാണെന്നും മുന്നിൽ കണ്ടുകൊണ്ടുള്ള അധ്യാപന രീതിയായിരുന്നു ടീച്ചറിന്റേത്. പ്രഗത്ഭയായ അധ്യാപിക, നല്ലൊരു ഗുണകാംക്ഷി, വളരെ ഉയർന്ന ലക്ഷ്യബോധത്തിനുടമ - ടീച്ചറുടെ ജീവിതശൈലി ഈ കാലഘട്ടത്തിന്റെ തന്നെ ഒരപൂർവ്വതയായിരുന്നു.



**വിജയൻ മാരാത്ത്**

**1938** ഫെബ്രുവരി 10ന് തൃശ്ശൂർ ജില്ലയിലെ മനക്കൊടിയിൽ ജനിച്ചു. 1955ൽ പത്താംക്ളാസ്സ് പാസ്സാവുകയും തുടർന്ന് അക്കൗണ്ടൻസിയിലും, ടൈപ്പ്റേറ്റിങ്ങിലും (ഷോർട്ട് ഹാൻഡ്) വൈപുണ്യം നേടി. 1958 -60 കാലയളവിൽ തൃശ്ശൂരിലേയും കൊച്ചിയിലേയും ജില്ലാ മജിസ്ട്രേറ്റ് ഓഫീസിൽ ജോലി ചെയ്തു. അതിനുശേഷം 1963 വരെ ഭോപ്പാലിലെ BHEL ൽ സ്റ്റെനോഗ്രാഫറായി കർമ്മനിരതനായി. പിന്നീട് റാഞ്ചിയിലെ HECയിൽ ജോലിയിൽ പ്രവേശിക്കുകയും ഏകദേശം മുപ്പത് വർഷം മുമ്പ് 1992 ജനുവരിയിൽ VRS എടുത്ത് വിരമിക്കുകയും ചെയ്തു. റാഞ്ചിയിലെ തന്നെ കൈരളി സ്കൂളിൽ (CBSE) മലയാളി അസ്സോസി യേഷൻ ഓഫ് എജ്യുക്കേഷണൽ സൊസൈറ്റി രൂപീകരിക്കുകയും അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. ആ സമയത്ത് ജാർഖണ്ഡിലെ രണ്ടാമത്തെ മികച്ച സ്കൂളായി MAES മാറി.

2007 മുതൽ 2021 വരെ നമ്മുടെ ക്ളിനിക്കിൽ സന്നദ്ധസേവകനായി പ്രവർത്തിച്ചു. കൊറോണകാലത്ത് അദ്ദേഹം അർബുദരോഗ ബാധിതനാവുകയും 2021 മെയ് 2 ന് ഈ ലോകത്തോട് വിടപറയുകയും ചെയ്തു.



**പ്രൊഫ. കെ.എ. ഇന്ദിര**

(1953–2021)

**പ**ട്ടാമ്പി, തലശ്ശേരി തുടങ്ങി വിവിധ സർക്കാർ കോളേജുകളിൽ അദ്ധ്യാപികയായിരുന്നു. കേരളത്തിലെ ആദ്യത്തെ സ്ത്രീ വിമോചന പ്രസ്ഥാനങ്ങളിൽ പ്രമുഖമായിരുന്ന മാനുഷിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. 2009 മുതൽ നമ്മുടെ സജീവ പ്രവർത്തകയാണ്.

2007 മുതൽ അവർ അർബുദരോഗ ചികിത്സയിലായിരുന്നു. പക്ഷേ, തുടർന്നും അവർ പാലിയേറ്റീവ് കെയർ ക്ളിനിക്കിൽ വരികയും രോഗബാധിതരുമായി ക്രിയാത്മകമായി ഇടപെടുകയും ചെയ്തിരുന്നു. കഴിഞ്ഞ പതിനാല് വർഷങ്ങളായി അർബുദ രോഗത്തിന്റെ വേദനയിലൂടെ കടന്ന് പോയ അവർ ആത്മാനുഭവങ്ങൾ വാക്കുകളാക്കിയിട്ടുണ്ട്. വേദനയുടെയും സഹനത്തിന്റെയും അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന അവരുടെ പുസ്തകമാണ് പ്രവാസിയുടെ മകൾ. ജീവിതത്തിൽ നേരിട്ട് അനുഭവിക്കേണ്ടി വന്ന തിരസ്കാരത്തിന്റെയും വേദനയുടെയും സ്നേഹത്തിന്റെയും ഭാഷ്യമാണ് ഈ പുസ്തകം. എല്ലാവിധ ആധികൾക്കും വ്യാധികൾക്കും നടുവിൽ നിൽക്കുമ്പോഴും അവർ ജീവിതത്തെ തീവ്രമായി സ്നേഹിച്ചു.

കുറുമ്പിയും വാശിക്കാരിയും പടുവികൃതിയുമായ മരണത്തിന്റെ സാക്ഷ്യമാണ് അവരുടെ ഈ സമാഹാരത്തിലെ അവസാനത്തെ ലേഖനമായ നിദ്ര. കാണാമറയത്ത് തിരസ്കൃതഭാവം പൂണ്ടുനിൽക്കുന്ന നിദ്രയെ അവളുടെ പാട്ടിന് വിടുകയാണ് ഇന്ദിര. അതോടെ, അവൾ ജാള്യതയോടെ, പരിഭവത്തോടെ, പതിയെപ്പതിയെ എത്തിനോക്കാൻ തുടങ്ങി... സ്നേഹവായ്പോടെ ഓടി വന്നു. എങ്ങനെയൊ വഴി തെറ്റി ഏതോ ചതുപ്പിൽ കുടുങ്ങി തളർന്നുറങ്ങിപ്പോയത്രെ. മാറാട്ടക്കാരി. പാവം വികൃതി. ആ സ്വാസ്ഥ്യത്തിൽ നമ്മുടെ സ്നേഹിതയുടെ രാപ്പകലുകൾ ശാന്തമാകട്ടെ.

# എഡിറ്റോറിയൽ

**ഡോ. ഇ. ദിവാകരൻ**

**പാ**ലിയേറ്റീവ് കെയറിലെ സമഗ്രപരിചരണം എന്ന പരികൽപനയിൽ ആത്മീയതയ്ക്ക് വലിയൊരു സ്ഥാനമുണ്ട്. എന്നാൽ പലപ്പോഴും പാലിയേറ്റീവ് പരിചരണത്തിൽ ശാരീരികവും, മാനസികവും, സാമൂഹികവുമായ തലങ്ങളിൽ ശ്രദ്ധയൂന്നുന്ന പോലെ ആത്മീയ തലത്തിൽ ശ്രദ്ധിക്കുന്നില്ല എന്നത് ദു:ഖകരമായ ഒരു വാസ്തവമാണ്. ഇതിനെതിരായ ഓർമ്മപ്പെടുത്തലുകളും കാലാകാലങ്ങളായി ഉണ്ടാകാറുണ്ട്. അത്തരമൊരോർമ്മപ്പെടുത്തലാണ് 1992-ൽ ഡോ. മൈക്കേൽ കാർണി ചെയ്തത്.

1967ലാണല്ലോ സിസിലി സോണ്ടേഴ്സ് ആദ്യത്തെ നവീന ഹോസ്പൈസായ സെന്റ് ക്രിസ്റ്റോഫേഴ്സ് ഹോസ്പൈസ് ലണ്ടനിൽ ആരംഭിക്കുന്നത്. എന്നാൽ അതുകഴിഞ്ഞ് ഇരുപതുവർഷത്തിനുശേഷം 1987 ൽ മാത്രമാണ് ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് പാലിയേറ്റീവ് മെഡിസിനെ ജനറൽ മെഡിസിന്റെ ഒരു ശാഖയായി അംഗീകരിക്കുന്നത്. സ്വാഭാവികമായും പാലിയേറ്റീവ് രംഗത്ത് പ്രവർത്തിച്ചിരുന്ന ഡോക്ടർമാർ അത്യാഹ്ളാദത്തോടെയാണ് ആ വാർത്ത സ്വീകരിച്ചത്. എന്നാൽ ആഹ്ളാദത്തോടൊപ്പം ഈ നീക്കത്തിൽ പതിയിരിക്കുന്ന ഒരാശങ്ക പങ്കുവെച്ചത് മൈക്കൽ കാർണിയായിരുന്നു. അദ്ദേഹം 'പാലിയേറ്റീവ് മെഡിസിൻ' ജർണലിൽ ഇപ്രകാരം ഒരു ലേഖനമെഴുതി: "പാലിയേറ്റീവ് മെഡിസിൻ – മറ്റൊരു സ്പെഷ്യാൽറ്റി മാത്രമോ?" Palliative Medicine - Just another Speciality? (Palliatve Medicine 1992; 6: 39 46)

രോഗനാമങ്ങളിലേക്കും, രോഗഗ്രസ്തമായ അവയവങ്ങളിലേയ്ക്കും വ്യക്തിയെ ന്യൂനവത്ക്കരിക്കുന്ന ആധുനിക വൈദ്യശാസ്ത്രത്തിനോട് കലഹിച്ച് ഓരോ രോഗിയിലുമുള്ള അനന്യമായ വ്യക്തിസത്തയെ പുന:സ്ഥാപിക്കാൻ മുന്നിട്ടിറങ്ങിയവരാണ് പാലിയേറ്റീവ് കെയർ ഡോക്ടർമാർ. ഇപ്രകാരം മെഡിസിന്റെ ഒരു ശാഖയായി സ്വയം അവരോധിക്കുമ്പോൾ അതൊരു മടങ്ങിപ്പോക്കാകുമോ എന്നതായിരുന്നു കാർണിയുടെ ഒരു വേവലാതി.


**Reaching Out**

Quarterly of Pain and Palliative Care Society, Thrissur

VOLUME 18 ● ISSUE 2, 3, 4 ● DECEMBER 2021

Reg. No. : 591/97
Old District Hospital Building, Thrissur - 680 001
Ph : 0487 - 2322128

www.painandpalliativecarethrissur.org
e-mail : ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur
Editor : Secretary, PPCS
Editorial Assistance : C.A. Riji
Lay-out & Printed at : iMAC Creations, Thrissur.

Cover : Christmas Night - Paul Gauguin [1894]

*This issue sponsored by*
**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR

അതുമാത്രമല്ല പാലിയേറ്റീവ് മെഡിസിനെ വ്യത്യസ്തമാക്കുന്നത്. വ്യവസ്ഥാപിത ചികിത്സാവിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മറ്റു ചില ദൗത്യങ്ങൾ കൂടി പാലിയേറ്റീവ് മെഡിസിനുണ്ട്. മനുഷ്യന്റെ എല്ലാ അനുഭവങ്ങൾക്കും രണ്ട് തലങ്ങളുണ്ട്. ബോധതലം അബോധതലം, ദൃശ്യം അദൃശ്യം, വ്യക്തം അവ്യക്തം, ബാഹ്യം ആന്തരികം, ഉപരിതലം അഗാധതലം എന്നിങ്ങനെ. സാമ്പ്രദായികമായ മെഡിക്കൽ മോഡൽ അനുഭവത്തിന്റെ ഈ ഉപരിതലത്തെ മാത്രമേ സ്പർശിക്കുന്നുള്ളൂ. ശാസ്ത്രത്തിന്റെ മുന്നേറ്റവും, അതിന്റെ വിശകലനാത്മകതയും ഈ ഒരു തലത്തിലെ പ്രവർത്തനത്തിന് ഏറെ സഹായകവുമാണ്. അനുഭവത്തിന്റെ അഗാധതലത്തെ അഭിസംബോധന ചെയ്യാൻ ഈ മെഡിക്കൽ മോഡൽ അപര്യാപ്തമാണ്. അതിന് അന്തർജ്ഞാനം (Intution) സഹജാവബോധം സർഗ്ഗാത്മകത എന്നിവയാണ് വേണ്ടത്. വേദന എന്ന അനുഭവത്തെയെടുക്കുക. എന്തിനാണ് വേദന ചികിത്സിച്ചു മാറ്റുന്നത്? വേദന അസുഖകരമായ അനുഭവമാണെന്നതുകൊണ്ട് മാത്രമാണോ? അല്ലെന്നാണ് കാർണി പ്രസ്തുത ലേഖനത്തിൽ സമർത്ഥിക്കുന്നത്. വേദന അല്ലെങ്കിൽ ഏതൊരു യാതനയുമാവട്ടേ, അതനുഭവിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ആന്തരികമായ വളർച്ചയ്ക്കും വികാസത്തിനുമുള്ള ഒരു മൂക സാധ്യത പേറുന്നുണ്ട്. വേദനയിൽ ആമഗ്നനായ ഒരുവൾക്ക് ഈ വളർച്ചയും വികാസവും കരഗതമാക്കാനാവില്ല. വേദന ശമിക്കുമ്പോഴാണ് താനനുഭവിച്ച യാതനയുടെ പൊരുളിലേക്ക് ഇറങ്ങിച്ചെല്ലാനും ആത്മീയമായ ഒരു സൗഖ്യപ്പെടലിന് (Healing) സാധ്യമാകുന്നതും. പീഡാനുഭവത്തിന്റെ ഈ അഗാധതലങ്ങളിലേക്ക് രോഗിയ്ക്ക് എത്തിച്ചേരാനാവശ്യമായ സാഹചര്യങ്ങളൊരുക്കുക എന്നതും പാലിയേറ്റീവ് കെയർ ഡോക്ടറുടെ ചുമതലയാണ്. ഇതുതന്നെയാണ് പാലിയേറ്റീവ് കെയറിലെ ആത്മീയ പരിചരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതും.

യാതനയും ആത്മീയതയുമായുള്ള ബന്ധം മനുഷ്യർ വളരെ മുമ്പുതന്നെ മനസ്സിലാക്കിയിട്ടുണ്ട്. പതിമൂന്നാം നൂറ്റാണ്ടിൽ സൂഫി കവിയായ ജലാലുദ്ദീൻ റൂമി പറയുകയുണ്ടായി; നിങ്ങളുടെ മുറിവിലേക്കുതന്നെ മിഴിയൂന്നൂ, അതിലൂടെയാണ് വെളിച്ചം നിങ്ങളിലേക്ക് പ്രവേശിക്കുന്നത്. ഈ ആത്മീയ സാഫല്യത്തെ തിരിച്ചറിയാതെ പാലിയേറ്റീവ് കെയറിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ പാലിയേറ്റീവ് കെയറിന്റെ അന്ത:സ്സത്ത ചോർന്നുപോയ കേവലം ലക്ഷണ ചികിത്സകർ (symptomatologists) മാത്രമായി അധ:പതിക്കും.

ഈ ഒരറിവിന്റെ വെളിച്ചത്തിലാണ് ഈ വർഷത്തെ പത്മാവതി വാരസ്യാർ അനുസ്മരണ പ്രഭാഷണത്തിന് യാതനയും ആത്മീയതയും എന്ന വിഷയം തന്നെ തിരഞ്ഞെടുത്തത്. ആ വിഷയം കൈകാര്യം ചെയ്യാനായി നമുക്ക് ലഭിച്ചതാകട്ടെ, അതിന് സർവ്വദാ അനുയോജ്യനായ ഫാദർ ബോബി ജോസ് കട്ടികാട് എന്ന കപ്യൂച്ചൻ വൈദികനും.

●

കഥ

# ദേവൻ

മാരാത്ത് വിജയൻ

കടമ്പിൻകാടുകളുടേയും ആൽമരങ്ങളുടേയും ഇടയിൽ ഇടിഞ്ഞുപൊളിയാറായ ഒരു ചെറിയ അമ്പലത്തിലാണ് ദേവൻ താമസിച്ചിരുന്നത്. അമ്പലത്തിന്റെ മൂന്നുപുറവും പാടമായിരുന്നു. വർഷക്കാലത്ത് പാടം മുഴുവൻ വെള്ളത്തിൽ മുങ്ങി കായലായി മാറും. ചില വർഷങ്ങളിൽ ശ്രീകോവിലിന്റെ ഉള്ളിൽ കൂടി വെള്ളം കയറാറുണ്ട്. വേനൽക്കാലത്ത് വെള്ളമെല്ലാം വറ്റിച്ച് പാടത്ത് നെല്ലുവിതക്കും. കൊയ്ത്തുകാലത്താണ് ദേവന്റെ ഉത്സവം.

ദേവന് അയൽവക്കമെന്നു പറയാൻ ഏതാണ്ട് രണ്ടുഫർല്ലോങ്ങകലെയുള്ള ഒരു വാരിയമാണുണ്ടായിരുന്നത്. വാരിയത്തിനും അമ്പലത്തിനും ഇടക്ക് ആൾ താമസമുണ്ടായിരുന്നില്ല. അമ്പലത്തിലേക്കു പോകാനുള്ള ഒരു ഊടുവഴി ഒഴിച്ച് ബാക്കിയെല്ലാം കാട്ടുപ്രദേശമായിരുന്നു.

വാരിയത്തെ ഭാരതി വാരസ്യാരാണ് ദേവന് അത്യാവശ്യം വേണ്ട മാലകൾ കെട്ടികൊടുത്തിരുന്നത്. കോളേജിൽ പഠിച്ചിരുന്ന വാരസ്യാർ ഒഴിവുകാലത്ത് അമ്പലത്തിനുചുറ്റും പൂചെടികൾ വച്ചുപിടിപ്പിക്കുമായിരുന്നു. ഭാരതിക്കുട്ടിയുടെ കൃപകൊണ്ട് ദേവന് മാലക്കും പൂക്കൾക്കും ക്ഷാമമുണ്ടായിരുന്നില്ല.

ശാന്തിക്കാരനുണ്ടായിരുന്നു, ഒരു ചെറുപ്പക്കാരൻ നമ്പൂതിരി: കമ്മ്യൂണിസ്റ്റാണെന്നും കള്ളുകുടിയനാണെന്നുമൊക്കെയാണ് പൊതുജനസംസാരം. ഈശ്വരവിശ്വാസംകൊണ്ടല്ല വയറ്റിപ്പിഴപ്പിനുവേണ്ടിയാണ് ശാന്തിചെയ്യുന്നതത്രെ.

പക്ഷെ ദേവന് നമ്പൂതിരിയുടെ വ്യക്തിപരമായ കാര്യങ്ങളിലൊന്നും താല്പര്യമുണ്ടായിരുന്നില്ല. പോരെങ്കിൽ മുപ്പത്തഞ്ച് വയസ്സിനുമുമ്പ് കമ്മ്യൂണിസ്റ്റായില്ലെങ്കിലും തലക്ക് തകരാറുണ്ടെന്നല്ലെ മന്ത്രി പറയുന്നത്. മുപ്പത്തഞ്ചുകഴിഞ്ഞാൽ നമ്പൂതിരി നല്ലവനായിക്കൊള്ളുമെന്ന് ദേവൻ സമാധാനിച്ചു.

പക്ഷെ സമാധാനിക്കാനാവാത്ത ഒരു കാര്യമുണ്ടായിരുന്നു. നമ്പൂതിരി ഭാരതിക്കുട്ടിയിൽ കൂടുതൽ താല്പര്യം കാണിക്കുന്നുണ്ടൊ എന്നൊരു ശങ്ക. പൂജിക്കാനിരിക്കുമ്പോൾ അവളുടെ നിഴലെങ്ങാൻ കണ്ടാൽ മതി, എല്ലാം അവതാളത്തിലായി. ശ്രദ്ധകുറവുകൊണ്ടും പലതവണ സ്തോത്രങ്ങൾ തെറ്റിചൊല്ലികേട്ടിട്ടുണ്ട്. ശ്രീകോവിലിൽക്കയറി തന്നെ ഇങ്ങനെ അവമാനിക്കുന്നത് ദേവന് സഹിച്ചിരുന്നില്ല.അന്തസ്സിന്റെ പ്രശ്നമാണ്. ഒരിക്കൽ ഭാരതിക്കുട്ടി തനിക്കുവേണ്ടി കെട്ടിക്കൊണ്ടുവന്ന മുല്ലമാല ബിംബത്തിൽ ചാർത്തുന്നതിനുമുമ്പ് നമ്പൂതിരി മണത്തുനോക്കുകപോലും ഉണ്ടായി. ഊമയാണന്നുകരുതി നിർമ്മാല്യം ചാർത്തിയാലൊ?

*“ഭാരതിക്കുട്ടിപോയതിൽ ദേവനും ഖേദമുണ്ടായിരുന്നു. ഭക്തന്മാരിലധികവും വാർദ്ധക്യം ബാധിച്ചവരും ഓജസ്സില്ലാത്തവരും ആയിരുന്നു. കൂട്ടത്തിൽ ശ്രീത്വമുള്ള ഒരു മുഖമുണ്ടായിരുന്നതാണ് ഭാരതിക്കുട്ടിയുടെ”*

അങ്ങിനെ ഇരിക്കുമ്പോൾ ഭാരതിക്കുട്ടിയെ ബോംബെയിൽ ജോലിയുള്ള ഒരു വാരിയർ സംബന്ധം ചെയ്ത് കൊണ്ടുപോയി. പിന്നെ നമ്പൂതിരിയുടെ വരവും തോന്നുമ്പോഴായിത്തുടങ്ങി. കുറെക്കാലം ദീക്ഷ വളർത്തി നടക്കുന്നതുകണ്ടു. അമ്പലത്തിന്റെ ഭരണം സർക്കാരിൽ നിന്ന് നേരിട്ടായതിൽപ്പിന്നെ പാവത്തിന് ശമ്പളവും കിട്ടാറില്ലത്രെ.

ഭാരതിക്കുട്ടിപോയതിൽ ദേവനും ഖേദമുണ്ടായിരുന്നു. ഭക്തന്മാരിലധികവും വാർദ്ധക്യം ബാധിച്ചവരും ഓജസ്സില്ലാത്തവരും ആയിരുന്നു. കൂട്ടത്തിൽ ശ്രീത്വമുള്ള ഒരു മുഖമുണ്ടായിരുന്നതാണ് ഭാരതിക്കുട്ടിയുടെ. അവളുടെ പോക്കോടുകൂടി അമ്പലം ശൂന്യമായി. ദേവൻ അവഗണിക്കപ്പെട്ടതുപോലെയായി.

ഭക്തന്മാർക്കെല്ലാം ആവലാതിയും കണ്ണുനീരും മാത്രമേ ഉണ്ടായിരുന്നുള്ളു. തൊഴുന്ന കാര്യത്തിൽക്കൂടി അവരുടെ ഇടയിൽ അസൂയ ഉണ്ടായിരുന്നു. അച്ചുതൻനായർ മൂന്നുപ്രദക്ഷിണംവെക്കുമ്പോൾ കുഞ്ചിക്കുട്ടിയമ്മ വയ്യെങ്കിലും ഏഴുപ്രദിക്ഷിണംവെക്കും. “ഈശ്വരാ എന്നെ രക്ഷിക്കണെ” എന്ന് അച്ചുതൻനായർ കൈകൂപ്പി പ്രാർത്ഥിക്കുമ്പോൾ കുഞ്ചിക്കുട്ടിയമ്മയുടെ പ്രതാപം ഒന്നുകുറയണെ എന്നാണ് മനസ്സിൽ വിചാരം. നാരായണി അമ്മ

ഇരുപത്തൊന്നുപ്രാവശ്യം ഏത്തയിടുമ്പോൾ കുട്ടൻ നമ്പിടി വിറച്ച് വിറച്ച് അമ്പത്തൊന്നുപ്രാവശ്യം ഏത്തയിട്ട് മൂന്നുപ്രാവശ്യം ഭൂമിതൊട്ട് തലയിൽവെക്കും. തനിക്കൊന്നും തന്നില്ലെങ്കിലും മറ്റെ ആൾക്ക് ഗതിപിടിക്കല്ലെ എന്നാണ് രണ്ടുപേരും മനസ്സിൽ വിചാരിക്കുന്നത്.

പക്ഷെ ഭാരതിക്കുട്ടിയുടെ സ്ഥിതി നേരെ മറിച്ചായിരുന്നു. അവൾ എന്തെങ്കിലും പ്രാർത്ഥിച്ചിരുന്നോ എന്നുതന്നെ സംശയമാണ്. കൈകൂപ്പി താഴികക്കുടത്തിൽ കണ്ണുംനട്ടങ്ങിനെ നില്ക്കും. "മാല ഭംഗിയായില്ല്യാവോ" എന്നാണ് എപ്പോഴും വിചാരം. നമ്പൂതിരി കഥയില്ലാതെ ചെയ്യുന്ന തെറ്റുകൾ പൊറുക്കണേ എന്നും ചിലപ്പോൾ മനസ്സിൽ വിചാരിക്കാറുണ്ട്.

ഭാരതിക്കുട്ടിയേയും നമ്പൂതിരിയേയും ഭക്തന്മാരേയും പറ്റി ഓർത്ത് ദേവൻ കുറച്ചുനേരം ശ്രീകോവിലിന്റെ മുമ്പിൽ നിന്നു. നേരം പാതിരയായിരിക്കുന്നു. ചീവീടുകളുടേയും ഓരിക്കുറുക്കന്മാരുടേയും ശബ്ദം മാത്രമേ കേൾക്കാനുള്ളൂ. സ്വർണ്ണപ്പൊടി വാരിവിതറിയപ്പോലെ മിന്നാമിനുങ്ങുകൾ പ്രകാശം ചൊരിയുന്നു.

ദേവൻ അമ്പലത്തിൽനിന്നും പുറത്തുകടന്നു. ചുറ്റമ്പലത്തിന്റെ ചിതൽ തിന്നു ദ്രവിച്ച വാതിൽ അടച്ച് പുറമേ നിന്ന് ഓടാമ്പലിട്ടു. ചാഞ്ഞുനില്ക്കുന്ന ഒരടമ്പുമരത്തിൽ കയറിയിരുന്ന് ദേവൻ പാടത്തിന്നപ്പുറത്തുള്ള കരയിലേക്ക് കണ്ണോടിച്ചു. അവിടേയുമുണ്ട് ഒരമ്പലവും പ്രതിഷ്ഠയും. ഭഗവതിയാണ്, തന്റെ പ്രേയസിയാണെന്നാണ് സങ്കല്പം. കൊല്ലത്തിലൊരിക്കൽ ദേവി ആനപ്പുറത്ത് കയറി കൊട്ടും വാദ്യവുമായി തന്നെ കാണാൻ വരും. അതിനാണ് ഉത്സവക്കാലമെന്ന് പറയുന്നത്.

വാസ്തവത്തിൽ ഉത്സവക്കാലം തന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും അസ്വസ്തമായ ഒരു കാലഘട്ടമാണ്. രാവും പകലും കൊട്ടും വാദ്യവും ഇടിക്കലും വറക്കലും ചിരകലുമൊക്കെയാണ്. ഒന്നു കണ്ണടക്കാൻപോലും നിവൃത്തിയില്ല. ഈരെഴ തോർത്തുടുത്ത പെരുവയറന്മാരുടെ അട്ടഹാസങ്ങളും ബഹളങ്ങളുമാണ്. ഉത്സവം വാസ്തവത്തിൽ അവർക്കൊക്കെയാണ്. തന്റെ പേരിൽ ചെയ്യുന്നുവെന്നുമാത്രം.

ദേവന്റെ ശ്രദ്ധ വീണ്ടും അമ്പലത്തിലേക്കുതിരിഞ്ഞു. മതിലുകൾ പകുതിയും ഇടിഞ്ഞുവീണുകഴിഞ്ഞിരിക്കുന്നു. ശ്രീകോവിലിന്റെ ഓടുകൾ പലതും കാറ്റിൽ തകർന്നുവീണു. കഴിഞ്ഞ മഴക്കാലം മുഴുവൻ ചോർന്നൊലിക്കുകയായിരുന്നു. വിളക്കുകൊളുത്താൻ പോലും ഒരുതുള്ളി എണ്ണയില്ല. എമർജൻസിയും ഡിവാല്യേഷനും ഒക്കെയായി ആളുകൾ വഴിവാടുകൾ നിർത്തിവെച്ചിരിക്കുകയാണ്. ദീപസ്തംഭം മൂന്നുകഷ്ണമായി കിടക്കുന്നു.ഇതിൽപ്പരം സ്ഥിതിഗതികൾ മോശമാകാനുണ്ടോ? — എതെങ്കിലും ഒരു ഉത്സവത്തിന് ഈ അമ്പലം ഭക്തന്മാരുടെ തലയിൽ തകർന്നുവീഴില്ലെന്നാരുകണ്ടു?

ഇത്തവണയും ദേവിയുടെ വരവ് അടുത്തിരിക്കുന്നു. നാട്ടിൽ മുഴുവൻ വസൂരിദീനമാണ്. പക്ഷെ അതുകൊണ്ട് ദേവിക്ക് ഗുണമുണ്ടായി. വസൂരി അവളുടെ വകുപ്പാണല്ലൊ. നെല്ലും നാളികേരവും എണ്ണയും പണവുമെല്ലാം അങ്ങോട്ടുപോയി, അവളെങ്കിലും നന്നായി ജീവിക്കട്ടെ.

കഴിഞ്ഞ ഉത്സവത്തിന് അവളുടെ സ്ഥിതി മഹാമോശമായിരുന്നു. തേക്കാൻ പോലും ഒരു തുള്ളി എണ്ണയുണ്ടായിരുന്നില്ല. ദീപസ്തംഭം തെളിയിച്ച കാലം മറന്നു എന്നാണവൾ പറഞ്ഞത്. നിറമാലയ്ക്ക് വല്ലവരും എണ്ണകൊണ്ടുവന്നാൽതന്നെ ആ വയസ്സൻ ശാന്തിക്കാരനും മാലകെട്ടുകാരൻ ഷാരടിയുംകൂടി അതുമുഴുവൻ തട്ടിയെടുക്കും. ദേവിക്ക് മിണ്ടാൻപാടില്ലല്ലോ. വയസ്സന് ആറേഴു മക്കളാണ്. ഉദ്യോഗം അമ്പലത്തിലെ ശാന്തിമാത്രം. സ്വന്തം ദേവിയുടെ അത്യാവശ്യങ്ങൾ കഴിഞ്ഞിട്ടുവേണ്ടെ അമ്പലത്തിലെ ദേവിയുടെ കാര്യമമ്പേഷിക്കാൻ?

**കഴിഞ്ഞ ഉത്സവത്തിന് അവളുടെ സ്ഥിതി മഹാമോശമായിരുന്നു. തേക്കാൻ പോലും ഒരു തുള്ളി എണ്ണയുണ്ടായിരുന്നില്ല. ദീപസ്തംഭം തെളിയിച്ചകാലം മറന്നു എന്നാണവൾ പറഞ്ഞത്. നിറമാലയ്ക്ക് വല്ലവരും എണ്ണകൊണ്ടു വന്നാൽതന്നെ ആ വയസ്സൻ ശാന്തിക്കാരനും മാലകെട്ടുകാരൻ ഷാരടിയുംകൂടി അതുമുഴുവൻ തട്ടിയെടുക്കും.**

കഴിഞ്ഞ ഉത്സവത്തിന് അവൾ വിരുന്നുവന്നപ്പോൾ താൻ പയഞ്ഞതാണ് ഭാരതിക്കുട്ടി വച്ചുപിടിപ്പിച്ച തോട്ടത്തിൽനിന്ന് കുറെ പൂക്കളറുത്തുകൊണ്ടു പൊയ്ക്കോളാൻ. "ഓ! എനിക്കുപൂവിന്റെ കുറവൊന്നും ഇല്ല" എന്നായിരുന്നു മറുപടി. "ഉടുക്കാൻ ഒരു കസവുമുണ്ടുപോലുമില്ല; പിന്നെയല്ലെ മാലയും പൂക്കളും".

ദേവിയുടെ മുഖത്തുനോക്കിയപ്പോൾ കഷ്ടം തോന്നി. ഇത്തവണയെങ്കിലും ഒരു പട്ടുവാങ്ങിക്കൊടുത്താൽ കൊള്ളാമെന്നുണ്ട്. പക്ഷെ പറ്റുമെന്നുതോന്നുന്നില്ല. ഭണ്ഡാരത്തിൽ ഒരു പൈസ പോലുമില്ല. മാസാവസാനം മോടിക്കാരൻ നമ്പിടി ഭണ്ഡാരം തുറന്ന് ചില്ലിക്കാശില്ലാതെ പറക്കിക്കൊണ്ടുപോകും. ഇങ്ങനെ നാണമില്ലാത്തൊരു മനുഷ്യൻ !

വായതുറന്ന് എന്തെങ്കിലും പറയണമെന്നു പലതവണയായി വിചാരിക്കുന്നു. എത്രനാൾ ഗവർണ്ണരെ

പ്പോലെ മിണ്ടാതിരിക്കും. പക്ഷെ വായതുറന്നാലും കുഴപ്പമാണ്. മറ്റൊരു ദേവന് അങ്ങിനെ അബദ്ധം പറ്റുകയുണ്ടായല്ലൊ.

ആ ദേവന്റെ ശാന്തിക്കാരന് അന്നെവിടെയോ പോകാനുണ്ടായിരുന്നു. ഉണ്ണിനമ്പൂതിരിയെയാണ് ശാന്തിക്ക് പറഞ്ഞയച്ചത്. ഉണ്ണി പൂജാമുറകളെല്ലാം മനസ്സിലാക്കിവരുന്നതേയുണ്ടായിരുന്നുള്ളൂ. ആദ്യമായിട്ടാണ് ശാന്തിക്കുപുറപ്പെടുന്നത്. ദേവന് തന്റെ ശാന്തി ഇഷ്ടപ്പെടുമോ എന്തോ? ഉണ്ണി നമ്പൂതിരിക്കു വിചാരമായി.

"ഉണ്ണീ, ഒന്നത്രത്തോളം പൊയ്ക്കോളോ, ശാന്തിമൊടക്കണ്ടാ. എന്താ? നോം അടിയന്തിരായിട്ടു ഒരെടത്തൊന്നു പുവ്വാ. അല്പം വൈകീന്നുവരും" അപ്ഫൻ നമ്പൂതിരി കല്പിച്ചു.

ഉണ്ണിനമ്പൂതിരി പതുക്കെ പുറപ്പെട്ടു. കുളികഴിഞ്ഞ് മന്ത്രോച്ചാരണവും പൂജയും തുടങ്ങി. ദേവൻ ഇതിൽപ്പരം സന്തോഷിക്കാനില്ല. പക്ഷെ, ഉണ്ണിനമ്പൂതിരി കരയുകയായിരുന്നു. പാവം ഉണ്ണി നമ്പൂതിരി വിചാരിച്ചിരുന്നത് നൈവേദ്യം ദേവൻ ഭക്ഷിക്കാറുണ്ടെന്നായിരുന്നു. ഇന്നങ്ങനെ ചെയ്യാത്തത് തന്റെ പൂജാമുറിയിലുള്ള തെറ്റുകൊണ്ടാവാനല്ലേ വഴിയുള്ളൂ. കുട്ടിക്ക് വേവലാതിയായി. "അപ്ഫൻ വന്നാൽ എന്നെ തല്ലിക്കൊല്ലും. ദേവാ! ഇതല്പമെങ്കിലും രുചിച്ചുനോക്കണേ. എന്റെ കയ്യിൽനിന്നു വല്ല തെറ്റും വന്നിട്ടുണ്ടെങ്കിൽ പൊറുക്കണേ" എന്ന് ഉണ്ണിനമ്പൂതിരി വാശിപിടിക്കാൻ തുടങ്ങി.



ഉണ്ണിയുടെ പ്രാർത്ഥന ദേവൻ സ്വീകരിച്ചു. വായതുറന്ന് നൈവേദ്യം വിഴുങ്ങാൻ തുടങ്ങുമ്പോഴേക്കും "ചതിക്കല്ലെ" എന്ന് പറഞ്ഞുകൊണ്ട് അപ്ഫൻ നമ്പൂതിരി നെഞ്ഞത്തു കയ്യും വെച്ച് നില്ക്കുന്നു. ദേവൻ ഉടൻ വായപൂട്ടി. പിന്നെ ഇന്നുവരേയും വായ തുറന്നിട്ടില്ല. താൻ വായ തുറന്നാൽ അതുപോലെ നാണംകെടേണ്ടി വന്നാലോ?

പക്ഷെ ക്ഷമക്കുമില്ലേ ഒരതിര്? താൻ കണ്ണു തുറക്കാത്തതുകൊണ്ടാണ് നാട്ടിൽ ഗതിപിടിക്കാത്തതെന്നല്ലേ ഭക്തന്മാരായ നാട്ടുകാർ പറയുന്നത്?

തന്റെ ഗതികേടിൽ നാട്ടുകാർക്കും വ്യസനമുണ്ട്. അവരെല്ലാവരും കൂടി ഒരു അമ്പലപരിഷ്കരണ കമ്മറ്റി രൂപീകരിച്ചിരുന്നു. സംഭാവന പിരിക്കാൻ തുടങ്ങിയപ്പോൾ ആരുടെ കയ്യിലും ഒന്നും കൊടുക്കാനില്ല. എല്ലാവരും ഇല്ലാത്തവരാണ്. "ഉണ്ടായിട്ട് അവിടക്ക് തരാണ്ടിരിക്കില്ല" എന്നാണവർ പറയുന്നത്. ഉള്ളവരാണെങ്കിൽ അപൂർവ്വമായി മാത്രമേ അമ്പലത്തിൽ പോയിരുന്നുള്ളൂ.

ശരിയാണ് വാക്കുപാലിക്കാത്തത് താനാണ്. എത്രയെത്ര പ്രാർത്ഥനകളാണ് നിറവേറ്റി കൊടുക്കാനുള്ളത്. മകൻ അനന്തരാമൻ മജിസ്ട്രേട്ടായാൽ സ്വർണ്ണത്തിടമ്പുണ്ടാക്കിത്തരാമെന്ന് റിട്ടയേർഡ് സൂപ്രണ്ട് നീലകണ്ഠയ്യരുടെ നേർച്ചയുണ്ട്. പക്ഷെ അനന്തരാമന്റെ മുകളിൽ ആറുപേരുണ്ട്. അവർക്കൊക്കെ പ്രമോഷൻ വാങ്ങിക്കൊടുത്താലേ സ്വാമിയുടെ കാര്യം ശരിയാവുകയുള്ളൂ. സ്വർണ്ണത്തിടമ്പിനുവേണ്ടി അവരെയെല്ലാം കൊല്ലാൻ പറ്റുമോ?

മൂത്തമകൾക്ക് സംബന്ധക്കാരനുണ്ടായാൽ ശ്രീകോവിൽ മേയാനുള്ള ഓടുവാങ്ങിത്തരാമെന്ന് പാപ്പി അമ്മയുടെ വളരെ പഴക്കംചെന്ന ഒരു നേർച്ചയുണ്ട്. പക്ഷെ കണ്ടവർക്കൊക്കെ സംബന്ധക്കാരനെ കണ്ടുപിടിക്കലാണോ തന്റെ തൊഴിൽ?

എലക്ഷനിൽ ജയിച്ചാൽ മന്ത്രിയായാൽ - ആനയെതരാം, കുതിരയെതരാം എന്നൊക്കെ പലരും വാക്കുതന്നിട്ടുണ്ട്. പക്ഷെ, അതിനൊക്കെയുള്ള രാഷ്ട്രീയ സ്വാധീനം തനിക്കുണ്ടോ?

ഇതിനെല്ലാം ഒരു മറുവശമുണ്ട്. ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചു കഴിഞ്ഞിട്ടും തിരിഞ്ഞുനോക്കാത്തവർ ധാരാളമുണ്ട്.

ഒരു കുഴപ്പവും കൂടാതെ കെട്ടിയവളുടെ വയറൊഴിഞ്ഞാൽ സ്വർണ്ണംകൊണ്ട് മഴുവുണ്ടാക്കിത്തരാമെന്ന് സ്വർണ്ണം കണ്ടിട്ടുപോലുമില്ലാത്ത നമ്മുടെ അയ്യപ്പൻ വാക്കുതന്നിരുന്നില്ലേ? പ്രസവം കഴിഞ്ഞപ്പോൾ അയ്യപ്പൻ മഴുവിന്റെകാര്യം മറന്നു. തനിക്കതിൽ പരാതിയില്ല; പാവം! ഇല്ലാഞ്ഞിട്ടാണ്.

കഴിഞ്ഞ മേടക്കൊയ്ത്തിന് അയ്യപ്പനും പത്നിയും പതിവുപോലെ നടക്കൽകൂടി കടന്നുപോയി. അമ്പലത്തിന്റെ അടുത്തെത്തിയപ്പോൾ രണ്ടുപേരും

തർക്കം തുടങ്ങി. “കയ്യിലൊതുങ്ങാത്ത കാര്യം നേരണ്ട ആവശ്യാണ്ടാരന്നോ”. മനസ്സാക്ഷിക്കുത്തുകൊണ്ട് അയ്യപ്പപത്നി ചോദിച്ചു. “ഫാ! കുരുപ്പേ” അയ്യപ്പൻ ഒരാട്ടുകൊടുത്തു. പെറ്റുകഴിഞ്ഞപ്പഴല്ലേ നിനക്കങ്ങനെ തോന്നണേ. പെറണേനു മുമ്പ് നിന്റെ അലറിച്ച കേട്ടപ്പൊ തങ്കംകൊണ്ട് മതിലുകെട്ടികൊടുക്കാമെന്നു പറയണമെന്നാ തോന്നീത്. അയ്യപ്പൻ വിശദീകരിച്ചു. “ന്നാലും അതൊരു സത്യവിരോധം” അവൾ കൂട്ടിച്ചേർത്തു. അയ്യപ്പൻ ചിരിക്കുകയായിരുന്നു. “അങ്ങേരു വിചാരിച്ചാ സ്വർണ്ണംകൊണ്ട് അമ്പലം ഉണ്ടാക്കി കൊടുക്കാൻ നമുക്ക് പറ്റും. ഇനി എന്തായാലും ഇപ്പൊ നിന്റെ വയറ്റിലുള്ളതു കൂടി മൂക്കുവിശർക്കാണ്ടങ്ങട് പുറത്തേക്കുവരട്ടെ. രണ്ടിന്റേംകൂടി ഒന്നിച്ചങ്ങടുകൊടുക്കാം” എന്നായിരുന്നു അയ്യപ്പന്റെ സമാധാനം.

നാണുനായരുടെ വഴിവാടും തർക്കത്തിലാണ്. ആൺകുട്ടിയുണ്ടായാൽ വെള്ളികൊണ്ട് ആൾരൂപം ഉണ്ടാക്കിത്തരാമെന്നായിരുന്നു വഴിവാട്. ആൺകുട്ടി ഉണ്ടാവുകയും ചെയ്തു. പക്ഷെ കുട്ടി കറുത്തതായതുകൊണ്ട് ഭാര്യ മീനാക്ഷിഅമ്മക്ക് മനസ്സിന് വലിയ വിഷമം. കഷ്ടകാലത്തിന് നാണുനായരും കറുത്തിട്ടായിരുന്നു. “ആൺകുട്ടിയെ വേണന്നുപറഞ്ഞപ്പൊ ഞാൻ നിരീച്ചതാ” - നാണുനായരുടെ മുഖത്തടിച്ചതുപോലെയായിരുന്നു മീനക്ഷി അമ്മയുടെ ആ കമന്റ്. “ഫാ! നിന്റെ വയറിന്റെ ഗുണാ” അഭിമാനം രക്ഷിക്കാൻ വേണ്ടി ആ ശുണ്ഠിക്കാരൻ തിരിച്ചടിച്ചു. എങ്കിലും പരിഭവം തന്നോടായിരുന്നു. ദേവന് കുട്ടിയെ വെളുത്തതാക്കാമായിരുന്നില്ലെ? എന്തായാലും കറുപ്പിനെച്ചൊല്ലിയുള്ള വഴക്കിൽ വഴിവാടിന്റെ കാര്യം മറന്നുപോയി.

ഇങ്ങനെ ഓരോന്നുവിചാരിച്ച് നേരം പോയതറിഞ്ഞില്ല. ഒന്നു കണ്ണടച്ചുകളയാമെന്നുവിചാരിച്ചു ദേവൻ അടമ്പുമരത്തിൽ നിന്നിറങ്ങാൻ ഭാവിക്കുകയായിരുന്നു. ചന്ദ്രൻ മങ്ങിയ ടോർച്ച്ലൈറ്റുപോലെ പ്രകാശിക്കുന്നുണ്ട്. പെട്ടെന്നു കാൽപ്പെരുമാറ്റം കേട്ട് ദേവൻ സൂക്ഷിച്ചുനോക്കി. മൂടിപ്പുതച്ച ഒരു മനുഷ്യരൂപം പതുക്കെപ്പതുക്കെ നടന്നുവരുന്നു. ഇത് പതിവില്ലാത്ത കാഴ്ചയാണ്. ഈ അസമയത്ത് അമ്പലത്തിലേക്കുവരാൻ ഈ മനുഷ്യനു എങ്ങനെ ധൈര്യം വന്നു? അതോ തന്നോട് രഹസ്യമായിട്ടെന്തെങ്കിലും പറയാൻ കാണുമോ? മുഖം നല്ലപോലെ കാണുന്നതിനുവേണ്ടി അയാൾ കുറെകൂടി അടുത്തുവരുന്നതുവരെ ദേവൻ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. ആളെ തിരിച്ചറിഞ്ഞപ്പോൾ ദേവൻ ഒന്നുഞെട്ടി. എന്നും കാലത്ത് പ്രദക്ഷിണം വെയ്ക്കുന്നതിൽ കുഞ്ചിയമ്മയോട് മത്സരിക്കാറുള്ള അച്ചുതൻനായരാണ്. അയാൾ മെല്ലെ പൊളിഞ്ഞികുടക്കുന്ന മതിലിൽകൂടി അമ്പലത്തിനകത്തേക്കു

*നാണുനായരുടെ വഴിവാടും തർക്കത്തിലാണ്.*
*ആൺകുട്ടിയുണ്ടായാൽ വെള്ളികൊണ്ട് ആൾരൂപം*
*ഉണ്ടാക്കിത്തരാമെന്നായിരുന്നു വഴിവാട്.*
*ആൺകുട്ടി ഉണ്ടാവുകയും ചെയ്തു.*
*പക്ഷെ കുട്ടി കറുത്തതായതുകൊണ്ട് ഭാര്യ*
*മീനാക്ഷിഅമ്മക്ക് മനസ്സിന് വലിയ വിഷമം.*

കടന്നു. ഭണ്ഡാരത്തിന്മേലാണ് നോട്ടം. ഞൊടിയിടകൊണ്ട് അയാൾ ഭണ്ഡാരം എടുത്ത് പുതപ്പിനുള്ളിൽ ഒളിപ്പിച്ച് മതിലിനുപുറത്തു കടന്നു. ‘എടോ, വങ്കൻ നായരേ, അതിൽ അഞ്ചു പൈസപോലും ഉണ്ടാവില്ലെടോ’ എന്ന് വിളിച്ചുപറയണമെന്നുതോന്നി. ആൽത്തറയിൽ വെച്ച് അയാൾ ഭണ്ഡാരം കുത്തിപ്പൊളിച്ചു. മുപ്പതുപൈസയുണ്ടായിരുന്നു. ഭണ്ഡാരം കാട്ടിൽ വലിച്ചെറിഞ്ഞ് പൈസ ഒക്കത്തുതിരുകി ആ പരമഭക്തൻ സ്ഥലംവിട്ടു.

ദേവൻ സ്തംഭിച്ചുപോയി. കലികാലമാണെങ്കിലും മനുഷ്യർ ഇങ്ങിനെ അധഃപതിക്കാമോ?

നേരം വെളുത്താൽ സംഭവിക്കാൻ പോകുന്നതെന്താണെന്ന് ദേവൻ ഓർത്തു. ഭണ്ഡാരം കാണാതെ ഭക്തന്മാരെല്ലാം മിഴിച്ചുനില്ക്കും. കൂട്ടത്തിൽ അച്ചുതൻ നായരും ഉണ്ടായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. കുറ്റം ശാന്തിക്കാരൻ നമ്പൂതിരിയുടെ തലയിൽ വെച്ചുകെട്ടും. ഭണ്ഡാരത്തിൽ അമ്പലത്തിലെ സ്വത്തുമുഴുവൻ ഉണ്ടായിരുന്നുവെന്നുപറഞ്ഞ് മോടിക്കാരൻ നമ്പിടിയും ഓടിയെത്തും. പതിവുപോലെ അമ്പലപരിഷ്ക്കരണക്കമ്മറ്റികളും പണംപിരിക്കലും നാട്ടുകാരുടെ ആവലാതി പറച്ചിലും ഒക്കെയുണ്ടാവും. “ഭണ്ഡാരം കാത്തുസൂക്ഷിക്കാൻ പോലും കഴിവില്ലാത്ത ദേവൻ” എന്ന് അച്ചുതൻ നായരെങ്ങാൻ പറഞ്ഞാൽ ജീവിച്ചിരുന്നിട്ടും കാര്യമില്ല.

ഇതെല്ലാം ഓർത്തപ്പോൾ ദേവന് കലിവന്നു. ദേവൻ അടമ്പുമരത്തിൽ നിന്നിറങ്ങി അമ്പലത്തിലേക്കു കടന്നു. ശ്രീകോവിൽ തട്ടിത്തകർത്തു. ബിംബം വലിച്ചുകുളത്തിലെറിഞ്ഞു. ഭാരതിക്കുട്ടിയുടെ പൂന്തോട്ടവും തല്ലിത്തകർത്തു. അമ്പലത്തിൽ നിന്നു പുറത്തുകടന്ന് ചുറ്റമ്പലത്തിന്റെ വാതിൽ അടച്ച് പുറത്തുനിന്നു കുറ്റിയിട്ടു. എങ്ങോട്ടെന്നില്ലാതെ ദേവൻ നടന്നകന്നു.

*(1975-76ൽ നമ്മുടെ വിജയേട്ടൻ എഴുതിയ കഥയാണിത്. “സാറ്റർഡേ ഈവനിങ്ങ്” എന്ന സമാഹാരത്തിൽ നിന്ന് എടുത്തതാണ്. “ദേവ”നിൽ കൈത്തഴക്കം വന്ന ഒരു എഴുത്തുകാരന്റെ ശൈലിയും ഭാഷയും കാണാം)*

●

# പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ 2020–21 വാർഷിക പൊതുയോഗത്തിൽ (31/10/2021) സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട്

**1997ൽ** ക്രാന്തദർശികളായ 7 പേർ ചേർന്ന് ചെറിയ രീതിയിൽ പ്രവർത്തനമാരംഭിച്ച നമ്മുടെ സൊസൈറ്റി രജതജൂബിലിയുടെ പടിവാതിൽക്കൽ എത്തി നിൽക്കുകയാണ്. മനുഷ്യ സ്നേഹികളായ അവർ ഏഴുപേരുടേയും ദീർഘവീക്ഷണത്തിന്റെയും കർമ്മശേഷിയുടെയും മുമ്പിൽ കൈകൂപ്പി കൊണ്ട് ഞാൻ വാർഷിക റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കട്ടെ.

കോവിഡ് മഹാമാരിക്കു മുമ്പിൽ വളരെയധികം വെല്ലുവിളികൾ നിറഞ്ഞ ഒരു വർഷമാണ് കടന്നുപോയത്. രോഗാവസ്ഥയിലുള്ളവരെ ചേർത്ത് പിടിക്കുക എന്ന സാന്ത്വന പരിചരണത്തിന്റെ ഏറ്റവും കാതലായ ധർമ്മത്തിനുപോലും വെല്ലുവിളികൾ നേരിട്ട വർഷം. കോവിഡ് നിയന്ത്രണങ്ങൾ മൂലം വാഹന സൗകര്യമില്ലായ്മയും വളണ്ടിയർമാർക്ക് ക്ളിനിക്കിൽ എത്താനുണ്ടായ പ്രയാസങ്ങളും കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഗൃഹസന്ദർശനങ്ങൾക്കു വന്ന പരിമിതികളും വലിയ വെല്ലുവിളികൾ തന്നെയായിരുന്നു.

**പുതിയ രോഗികൾ**

ഈ കാലഘട്ടത്തിൽ പുതിയതായി 903 രോഗികളെ നമ്മുടെ ക്ളിനിക്കിൽ രജിസ്ടർ ചെയ്യുകയുണ്ടായി. ഒ. പി യിലെത്തിയ മൊത്തം ആളുകളുടെ എണ്ണം 6454. കോവിഡ് പശ്ചാത്തലത്തിൽ നമ്മുടെ ഇൻപേഷ്യന്റ് വിഭാഗം പല കാരണങ്ങളാൽ അടച്ചിടേണ്ടി വന്നിരുന്നു. മിക്കപ്പോഴും രോഗികൾക്ക് ഇവിടെ വന്ന് അഡ്മിറ്റാവാനുള്ള ഭയവും കാരണമായി. എന്നാലും 122 പേർ ഐപിയിൽ അഡ്മിറ്റാവുകയും 36 പേർ ഐപിയിൽ വെച്ച് മരണപ്പെടുകയും ചെയ്യുകയുണ്ടായി. ഈ സമയം ഈ കാലഘട്ടത്തിൽ നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയപ്പെട്ടവർക്ക് പ്രണാമമർപ്പിക്കുന്നു.

നമ്മുടെ സജീവ സന്നദ്ധപ്രവർത്തകരായ ശ്രീ. വിജയൻ മാരാത്തിന്റെയും ശ്രീമതി. അന്നക്കുട്ടി ടീച്ചറിന്റെയും വിയോഗം നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്നു. അവർ നമ്മുടെ ഓർമ്മകളിൽ എക്കാലവും ദീപ്തമായിരിക്കാൻ പ്രാർത്ഥിക്കുന്നു.

ഈയവസരത്തിൽ കോവിഡ് പോസറ്റീവായ രോഗികളെയും പരിചരിക്കേണ്ടി വന്നിരുന്നു. അതിൽ വളരെ ഉത്തരവാദിത്തത്തോടെ പ്രവർത്തിച്ച നമ്മുടെ നഴ്സിങ്ങ് സ്റ്റാഫിനും മറ്റു സ്റ്റാഫുകൾക്കും പ്രത്യേക പ്രശംസയും നന്ദിയും രേഖപ്പെടുത്തുന്നു.

ഹോംകെയറിന്റെ ഭാഗമായി 690 വീടുകൾ സന്ദർശിച്ച് പരിചരണം നല്കുകയുണ്ടായി. അതിൽ 490 നഴ്സസ്സ് ഹോംകെയറും, 133 ഡോക്ടേഴ്സ് ഹോംകെയറും, 42 സ്റ്റുഡൻസ് ഹോംകെയറും, 21 ഫിസിയോതെറാപ്പി ഹോംകെയറും, 4 എംഹാറ്റ് ഹോംകെയറും ഉൾപ്പെടുന്നു. ഹോംകെയറുകൾ എല്ലാം തന്നെ ഈ കോവിഡ് പശ്ചാത്തലത്തിൽ വലിയ വെല്ലുവിളി നേരിട്ടവയായിരുന്നു. വീഡിയോ കോളിലൂടെ രോഗിയെയും വീട്ടുകാരെയും കണ്ട് ആശയവിനിമയം നടത്തിയതും കോവിഡ് കാലത്തിന്റെ പ്രത്യേകതയായി.

കോവിഡിന്റെ പാരമ്യതയിൽ നമ്മുടെ ക്ളിനിക്കിൽ പേര് രജിസ്റ്റർ ചെയ്യാത്ത ചില സികെഡി പേഷ്യന്‍സിന് മരുന്നുകൾ കൊടുക്കേണ്ട സാഹചര്യവും ഉണ്ടായി. കാരണം, അവർക്ക് വേണ്ടിയിരുന്ന മരുന്നുകൾ പുറമെയുള്ള മെഡിക്കൽ ഷോപ്പുകളിൽ ലഭ്യമല്ലാതെ വന്നിരുന്നു. അത് നമ്മൾ ചെയ്ത വലിയൊരു സത്പ്രവർത്തിയായിരുന്നുവെന്ന് പിന്നീട് അത് കിട്ടിയ വ്യക്തികളുടെ നന്ദി വാക്കുകളിൽ സ്പഷ്ടമായിരുന്നു. അതുപോലെ ഈ കാലഘട്ടത്തിൽ നമ്മുടെ കുറെയധികം രോഗികളുടെ വീടുകളിൽ കോവിഡ് അവസ്ഥയിൽ പോലും മരുന്നുകൾ എത്തിയ്ക്കാൻ സഹായിച്ച കേരള ഫയർ ഫോഴ്സിന് പ്രത്യേക കൃതാർത്ഥത രേഖപ്പെടുത്തുന്നു. ഈ വർഷം പുതിയതായി വന്ന എല്ലാ വൃക്കരോഗികളെയും രജിസ്റ്റർ ചെയ്യുകയും എല്ലാവർക്കും മുഴുവൻ മരുന്നുകളും അവരുടെ ആവശ്യത്തിന് നല്കുവാനും തുടങ്ങിയിട്ടുണ്ട്.

**പ്രതിസന്ധികൾക്കിടയിലും സഹായഹസ്തങ്ങൾ**

കോവിഡ് മൂലം കച്ചവട സ്ഥാപനങ്ങളും

ഓഫീസുകളും അടഞ്ഞ് കിടന്നതുമൂലം ധനാഗമനത്തിന് ചില വെല്ലുവിളികൾ നേരിടുകയുണ്ടായി. അവിടെയും ചെറുതും വലുതുമായ സംഭാവനകളിലൂടെ നിരവധി പേർ എത്തുകയുണ്ടായി. കൂടാതെ മരുന്നുകളും ഈ സവിശേഷ സാഹചര്യത്തിനാവശ്യമായ മാസ്ക്കുകളും സാനിറ്റൈസറുകളും ലഭിക്കുകയുണ്ടായി.

2021 സെപ്തംബർ 30 പോയ വർഷത്തിലെ സുപ്രധാന ദിവസങ്ങളിലൊന്നായിരുന്നു. കല്യാൺ സിൽക്സ് ഏകദേശം ഒമ്പത് ലക്ഷം വരുന്ന ഒരു എർട്ടിഗോ വാഹനം ഹോംകെയർ ആവശ്യത്തിലേയ്ക്കായി സംഭാവന ചെയ്തതിന്റെ ഉദ്ഘാടനവും ഫ്ളാഗ് ഓഫും ബഹുമാനപ്പെട്ട തൃശ്ശൂർ കളക്ടർ ശ്രീമതി: ഹരിത വി. കുമാർ നിർവഹിച്ചു. കളക്ടറുടെ മഹനീയ സാന്നിധ്യവും വാക്കുകളും നമ്മുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതായിരുന്നു. ഡോക്ടർമാർക്കുള്ള ദശദിന പരിശീലനത്തിന്റെ സർട്ടിഫിക്കറ്റുകൾ കളക്ടർ വിതരണം ചെയ്തു. കല്യാൺ സിൽക്സിന്റെ ശ്രീ. പട്ടാഭിരാമൻ തദവസരത്തിൽ, ഇരുപതുകൊല്ലമായി നമ്മളുമായുള്ള ആത്മബന്ധത്തെപ്പറ്റി എടുത്ത് പറഞ്ഞു. അദ്ദേഹത്തിന്റെ സഹകരണം തുടർന്നും വാഗ്ദാനം ചെയ്തു.

ലയൺഗാർഡ് രണ്ട് ഘട്ടങ്ങളായി അവരുടെ സിഎസ്ആർ ഫണ്ടിൽ നിന്ന് 117000/- രൂപ വീതം കിഡ്നി മെഡിസിൻ വാങ്ങാനുള്ള തുക നല്കി. ജൂലൈ 2021 മുതൽ പത്ത് മാസത്തേയ്ക്ക് കിഡ്നി മരുന്ന് വാങ്ങാനായി മാസം 50000/- രൂപ നല്കി വരുന്നുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അവരുടെ സിഎസ്ആർ ഫണ്ട് വഴി 500000/- രൂപ കിഡ്നി പേഷ്യൻസിന് മരുന്ന് വാങ്ങാനായി അനുവദിക്കുകയുണ്ടായി. അവർ നേരിട്ട് മരുന്നുകൾ വാങ്ങിത്തന്നതുമൂലം, ഈ തുക നമ്മുടെ കണക്കുകളിൽ കാണില്ല. മരുന്നുകളുടെ മൊത്തം ചെലവിൽ ഉൾപ്പെടുത്തേണ്ടതാണ്.

എടുത്തുപറയാവുന്ന മറ്റൊരു സഹായം ഓക്സിജൻ കോസൻട്രേറ്റർ സംഭാവനയാണ്. ശ്രീ. രാമൻ പിള്ളയുടെയും ശ്രീമതി. സുലോചന രാമൻ പിള്ളയുടേയും ഓർമ്മയ്ക്കായി മകൾ ശ്രീമതി. ശോഭ രഘുനാഥ് ഒരു മെഷിനും, കണിക വുമൺസ് ഫോറം മറ്റൊരു ഓക്സിജൻ കോസൻട്രേറ്ററും സംഭാവനയായി നൽകി. ഈ രണ്ട് മെഷിനുകളും ആവശ്യമുള്ള രോഗികൾക്ക് അവരുടെ വീടുകളിലേയ്ക്ക് കൊടുത്തയയ്ക്കാൻ കഴിഞ്ഞു.

യോഗക്ഷേമം കുറീസ് 60000/- രൂപയുടെ കിഡ്നി മരുന്നുകൾ നല്കുകയുണ്ടായി.

നമ്മുടെ ശ്രീ. താരാനാഥിന്റെ നേതൃത്വത്തിൽ ഫ്രണ്ട്സ് ഓഫ് ടിബറ്റിന്റെ വകയായിട്ടുള്ള എൻ 95 മാസ്ക്കുകൾ വിവിധ ഘട്ടങ്ങളിലായി കിട്ടിയിട്ടുണ്ട്. ഇപ്പോഴും തുടരുന്നു. അതുപോലെ തൃശ്ശൂർ ഗൈനക്കോളജിസ്റ്റിസ് & ഒബ്ട്രക്റ്റിഷ്യൻ സംഘടനയും, ഇന്ത്യൻ റേഡിയോളജിസ്റ്റ് & ഇമേജിങ്ങ് അസ്സോസിയേഷനും എൻ 95 മാസ്ക്കുകളും സാനിറ്റൈസറും നല്കുകയുണ്ടായി.

മണ്ണുത്തി അഗ്രികൾച്ചറൽ ലയൺസ് ക്ളബ്ബ്, ഇന്നർവീൽ ക്ളബ്ബ്, യങ്ങ് മെൻസ് ഇന്റർനാഷണൽ ക്ളബ്ബ്, സ്റ്റുഡൻസ് ഓഫ് വെറ്റിനറി കോളേജ്, എൻസിസി സ്റ്റുഡൻസ് ഓഫ് കേരളവർമ്മ കോളേജ് എന്നിവരുടെയും സഹായം നമുക്ക് ലഭിച്ചിരുന്നു.

നമ്മുടെ സന്നദ്ധപ്രവർത്തക ഡോ. ശ്രീദേവി ഒരു കോമ്പിനെഷൻ തെറാപ്പി യൂണിറ്റ് ഫിസിയോതെറാപ്പിലേയ്ക്ക് സംഭാവന നല്കി.

നയനാർ സ്മാരക പാലിയേറ്റീവ് കെയർ, പുത്തൂർ രണ്ട് ഘട്ടങ്ങളിലായി പച്ചക്കറികളും, നാളികേരവും നല്കുകയുണ്ടായി. പച്ചക്കറിയുടെ ദൗർലഭ്യമുള്ള കോവിഡ് സമയത്തായിരുന്നതുകൊണ്ട് അത് വളരെ ഉപകാരപ്രദമായിരുന്നു.

നമ്മുടെ അരവിന്ദേട്ടന്റെ കേരള സാഹിത്യഅക്കാദമി അവാർഡ് തുകയായ 25000/- രൂപ സൊസൈറ്റിയ്ക്ക് നല്കുകയുണ്ടായി. പ്രസ്തുത പുസ്തകത്തിന്റെ റോയൽട്ടിയും നമുക്കാണെന്ന് ഓർക്കുമല്ലൊ.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയർ

2000ൽ ആരംഭിച്ച നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയർ കേരളത്തിലെ ഏറ്റവും നിലവാരം പുലർത്തുന്ന പരിശീലന കേന്ദ്രമായി തുടരുകയാണ്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കോഴ്സുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നെങ്കിലും ട്രെയിനിങ്ങ് പ്രോഗ്രാമുകൾ നടത്തുകയുണ്ടായി. ബിസിസിപിഎം ഫോർ ഡോക്ടേഴ്സ് - രണ്ട് ഘട്ടങ്ങളിലായി ഏഴ് ഡോക്ടർമാർ ട്രെയിനിങ്ങ് കഴിഞ്ഞ് പോയി. ഹാൻഡ്സ് ഓൺ ട്രെയിനിങ്ങ് ഫോർ ഡോക്ടേഴ്സ് (10 ദിവസം) മൂന്ന് ഘട്ടങ്ങളിലായി 14 പേർ ട്രെയിനിങ്ങ് കഴിച്ചു. ബിസിസിപിഎൻ ഫോർ നഴ്സ്സസ് 11 നഴ്സുമാർ രണ്ട് ഘട്ടങ്ങളിലായി ട്രെയിനിങ്ങ് എടുത്തു. ബിസിസിപിഎഎൻ നാല് ഘട്ടങ്ങളിലായി 16 പേർ ഐപി ട്രെയിനിങ്ങ് നടത്തി. ഗവ. മെഡിക്കൽ കോളേജിൽ നിന്നുള്ള 90 ഹൗസ് സർജൻസും ഈ കാലയളവിൽ ട്രെയിനിങ്ങിന് വരികയുണ്ടായി. കോളേജ് ഓഫ് നഴ്സിങ്ങ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നുള്ള 4 എംഎസ്സി നഴ്സിങ്ങ് സ്റ്റുഡൻസിന് ട്രെയിനിങ്ങ് നല്കുകയുണ്ടായി. എല്ലാ സ്റ്റാഫംഗങ്ങൾക്കും റിഫ്രഷർ പരിശീലനം നൽകുകയുണ്ടായി.

**ഫിസിയോതെറാപ്പി**

കോവിഡിന്റെ തീവ്രനാളുകളിൽ കുറച്ച് നാളുകൾ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കേണ്ടതൊഴിച്ചാൽ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ഫിസിയോതെറാപ്പി തുടരുന്നുണ്ട്. റീഹാബിലിറ്റേഷൻ പ്രോഗ്രാം ഉടനെ ആരംഭിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഈ കാലയളവിലും ഓൺലൈനിൽ മ്യൂസിക് തെറാപ്പി തുടരാൻ കഴിഞ്ഞത് സ്പിരിച്ചൽ ഊർജ്ജം നല്കാൻ പര്യാപ്തമായി.

## SIP

നമ്മുടെ സ്റ്റുഡൻസിന്റെ സഹകരണം ഈ കാലഘട്ടത്തിലും വേറിട്ട നിലവാരം പുലർത്തുന്നവയായിരുന്നു. രംഗ് 21 എന്ന ഏഴ് ദിവസം നീണ്ടുനിന്ന പരിപാടികൾ വളരെ മെച്ചപ്പെട്ട നിലയിലുള്ളവയായിരുന്നു. പാലിയേറ്റീവ് കെയർ ദിനം അവരുടെ കൂടി ഭാഗമാക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷം. വേൾഡ് ഹോസ്പൈസ് ഡേയും, അവർ വോയ്സസ്സ് ഓഫ് എസ്ഐപി ആയി വളരെ ഭംഗിയായി നടത്തുകയുണ്ടായി. മെന്റൽ ഹെൽത്ത് ഡേയുടെ ഭാഗമായി അവർ നടത്തിയ ഹ്യൂമൺ റൈറ്റ്സ് & മെന്റൽ ഹെൽത്ത് ക്ളാസ്സ് ഉന്നത നിലവാരം പുലർത്തിയിരുന്നു. വിവിധ കോളേജിലെ കുട്ടികൾക്കായി ഓൺലൈനിലും ഇപ്പോൾ ഓഫ് ലൈനായും ട്രെയിനിങ്ങ് ക്ളാസ്സുകൾ നല്കുന്നു. ഈ കോവിഡ് സമയത്ത് പലപ്പോഴും ക്ളിനിക്കിൽ നേരിട്ട് വന്ന് രോഗികളുടെ പേരുകൾ രജിസ്റ്റർ ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ പലരും പറഞ്ഞപ്പോൾ അതിന് പരിഹാരമായി ഓൺ ലൈൻ രജിസ്ട്രേഷൻ കൊണ്ടുവന്നതിൽ എസ്ഐപി വലിയ പങ്കാണ് എടുത്തത്.

**റീച്ചിങ്ങ് ഔട്ട്**

കോവിഡ് നിലനിന്നിരുന്ന സാഹചര്യത്തിൽ റീച്ചിങ്ങ് ഔട്ട് ഒരു ലക്കം മാത്രമേ പുറത്തിറക്കിയിട്ടുള്ളൂ. തുടർ ലക്കങ്ങളിലേയ്ക്ക് ലേഖനങ്ങളും, കവിതകളും നല്കുവാൻ അഭ്യർത്ഥിക്കുന്നു.

**സരായ്**

കോവിഡിന്റെ പശ്ചാത്തലത്തിൽ സരായ് പ്രവർത്തനങ്ങൾ പൂർണ്ണമായിട്ടല്ലെങ്കിലും നല്ല രീതിയിൽ തന്നെ മുന്നോട്ട് പോകുന്നുണ്ട്. സന്നദ്ധ പ്രവർത്തകരുടെയും ജീവനക്കാരുടെയും സഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

**വളണ്ടിയർ സംഗമം**

കുറച്ച് കാലത്തെ ഇടവേളയ്ക്ക് ശേഷം ജീവനക്കാരുടെയും സന്നദ്ധപ്രവർത്തകരുടെയും കുടുംബാംഗങ്ങളുടെയും വെർച്ചൽ ഒത്തുചേരൽ സന്തോഷവും സമാധാനവും ചാരിതാർത്ഥ്യവും നല്കുന്നതായിരുന്നു. അതിലൂടെ അനിർവചനീയമായ എന്തോ ഒരു അനുഭൂതി ഉണ്ടായിയെന്നാണ് പലരുടെയും അഭിപ്രായത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

നമ്മുടെ ക്ളിനിക്കിൽ നിന്നുള്ള സ്റ്റാഫിന്റെ ആദ്യത്തെ റിട്ടയർ മെന്റിന് സാക്ഷ്യം വഹിച്ച വർഷമായിരുന്നു, 2021. നമ്മുടെ ഡ്രൈവറായിരുന്ന ശ്രീ. സോമൻ, കുക്കായിരുന്ന ശ്രീമതി. ലത എന്നിവർ 2021 മാർച്ച് 31ന് സർവീസിൽ നിന്ന് വിരമിച്ചു. അവർക്ക് ഊഷ്മളമായ യാത്രയപ്പ് നല്കുകയുമുണ്ടായി.

നമ്മുടെ സൊസൈറ്റിയുടെ ആരംഭം മുതൽ സൗജന്യമായി ഓഡിറ്റ് ചെയ്ത് വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി തരികയും ആദായ നികുതി വകുപ്പിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഉദയരാജ റാവു ആന്റ് അസ്സോസിയേറ്റ്സിലെ മുഴുവൻ ജീവനക്കാരോടുമുള്ള നന്ദി നിസ്സീമമാണ്. ജീവനക്കാരുടെ ESI, PFഎന്നിവ എല്ലാമാസവും ഓൺലൈനായി സൗജന്യമായി ചെയ്തു തരുന്ന തോമസ് ആന്റ് അസ്സോസ്സിയേറ്റ്സിനും നന്ദി പ്രകാശിപ്പിക്കുന്നു.

നമ്മുടെ സൊസൈറ്റിയുടെ ശക്തിയും ഊർജ്ജവുമെല്ലാം നിസ്വാർത്ഥരായ സന്നദ്ധ പ്രവർത്തകരും ഡോക്ടർമാരും ജീവനക്കാരുമാണ്.

തൃശ്ശൂർ ഡിഎംഒ ഓഫീസ്, ജനറൽ ആശുപത്രി, നാഷണൽ ഹെൽത്ത് മിഷൻ തുടങ്ങിയവയിലെ ഡോക്ടർമാരോടും ജീവനക്കാരോടും സൊസൈറ്റിയുടെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ കമ്മിറ്റി ചെയർമാൻ, കോർപ്പറേഷൻ മേയർ, ആരോഗ്യകാര്യ കമ്മിറ്റി ചെയർമാൻ എന്നിവരുടെയും തൃശ്ശൂർ എം. പി, എംഎൽഎ, കൗൺസിലർ തുടങ്ങിയവരുടെയും സഹകരണം കൃതാർത്ഥയോടെ സ്മരിക്കുന്നു.

നമ്മുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി ഊർജ്ജം നൽകുന്ന സുമനസ്സുകളെ പ്രത്യേകം ഓർമ്മിക്കുന്നു.

നമ്മുടെ പ്രവർത്തനങ്ങൾ പൊതുജനമദ്ധ്യത്തിൽ എത്തിക്കാൻ ആത്മാർത്ഥമായി ഒപ്പം നിന്ന മാധ്യമ പ്രവർത്തകരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

24 വർഷത്തെ സാന്ത്വന പ്രവർത്തനത്തിന് ശേഷം നമ്മൾ രജത ജൂബിലി വർഷത്തിലേയ്ക്ക് കടക്കുകയാണ്. നാഴികക്കല്ലുകൾ പിന്നിടുന്നത് തിരിഞ്ഞുനോക്കാനും അവലോകനം ചെയ്യാനും കൂടുതൽ നല്ല രീതിയിൽ മുന്നോട്ടുപോകാനുള്ള വഴികൾ കണ്ടെ

ത്താനുമുള്ള അവസരമാണ്.

പുതിയ കമ്മിറ്റി അക്കാര്യത്തിൽ ശ്രദ്ധ ചെലുത്തുമെന്ന് ഉറപ്പാണ്. സമഗ്രമായ പരിപാടികളോടെയും ക്രിയാത്മകമായ കർമ്മപദ്ധതികളോടെയും രജത ജൂബിലി വർഷം അഭിമാനിക്കാവുന്ന ഒന്നാക്കി മാറ്റാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

കഴിഞ്ഞ രണ്ട് വർഷമായി സെക്രട്ടറിയായി തുടരുന്ന എനിക്ക് ഡോക്ടർമാരുടേയും ജീവനക്കാരുടേയും സന്നദ്ധപ്രവർത്തകരുടേയും കയ്യിൽ നിന്ന് കിട്ടിയ സഹകരണം വാക്കുകളിൽ ഒതുക്കുക പ്രയാസമാണ്. ഡോ. ദിവാകരനും അരവിന്ദേട്ടനുമടക്കമുള്ള ഒരുപാട് പേർ എന്തിനും കൂടെയുണ്ടായിരുന്നത് എന്റെ ജോലി വളരെ എളുപ്പമാക്കി. ഈ റിപ്പോർട്ട് തയ്യാറാക്കാൻ എന്നെ സഹായിച്ച റിജിയ്ക്കും മോഹനേട്ടനും പ്രത്യേകം നന്ദി.

●

# അവിസ്മരണീയമായ ഓണസമ്മാനം

**പ്രഭാവതി പി. എസ്.**

**കോ**വിഡ് മഹാമാരിയുടെ കാലത്തെ ഓണത്തിന് സൊസൈറ്റിക്കും എംഹാറ്റിനും ഞങ്ങൾ വളണ്ടിയർമാർക്കും അവിസ്മരണീയമായ ഒരു ഓണസമ്മാനം കിട്ടി. ഞങ്ങളുടെ പേഷ്യന്റ് ആയ സേവി തന്ന ഒരു സംഭാവനയായിരുന്നു അതിലൊന്ന്. വെറും 1000 രൂപയുടെ സംഭാവനയെ ചൊല്ലി ഇത്രപറയാൻ എന്തിരിക്കുന്നു എന്ന് തോന്നാം; എന്നാൽ ലക്ഷങ്ങളുടെ വില മതിപ്പുണ്ട് ആ ആയിരം രൂപയ്ക്ക്. അതിനുപുറകിൽ ഒരു കുടുംബത്തിന്റെ മാനസിക സംഘർഷങ്ങളുടേയും കണ്ണീരിന്റെയും നിരാശയുടേയും കഥയുണ്ട്.

അപ്പനും അമ്മയും അനിയനും അമ്മാമ്മയും അടങ്ങുന്ന കുടുംബത്തിൽ നിന്ന് അപ്പന്റെ അപ്രതീക്ഷിതമായ പടിയിറക്കം ആ പതിനഞ്ചുകാരന്റെ മനോനില തെറ്റിച്ചു. ചികിത്സയ്ക്കായി പല സ്ഥലങ്ങളും താണ്ടി. അവസാനം ആ അമ്മ നമ്മുടെ സൊസൈറ്റിയിലെ എംഹാറ്റിൽ എത്തിപ്പെട്ടു. സൗജന്യ ചികിത്സ അവർക്കൊരാശ്വാസമായി. മുടങ്ങാതെ മരുന്ന് കഴിയ്ക്കും. താങ്ങും തണലുമായ അമ്മ മകനൊപ്പം തന്നെയുണ്ട്. അവനിലുള്ള ചെറിയ മാറ്റങ്ങൾ പോലും ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരും. അതുകൊണ്ടുതന്നെ ചികിത്സയുടെ ഫലങ്ങൾ പെട്ടെന്നു കണ്ടുതുടങ്ങി. ഇതിനിടെ രോഗികളുടെ കുടുംബത്തിന്റെ പുനരധിവാസത്തിനായി സൊസൈറ്റി നടത്തുന്ന മൂന്നുമാസത്തെ കമ്പ്യൂട്ടർ പരിശീലന ക്ലാസ്സ് വിജയകരമായി പൂർത്തിയാക്കി. ജോലി ചെയ്യാനുള്ള താല്പര്യം മറ്റു രോഗികളിൽ നിന്നും അവനെ വ്യത്യസ്തനാക്കി. കാലത്തെ വീട്ടിൽ നിന്നിറങ്ങി കടകൾ കയറിയിറങ്ങും, ജോലിക്കായി. ഒടുവിൽ അവന്റെ അലച്ചിലിന് ഒരന്ത്യം കണ്ടു. നല്ലൊരു സ്ഥാപനത്തിൽ ജോലിയ്ക്ക് കയറി. തരക്കേടില്ലാത്ത ശമ്പളം. അതിൽ നല്ലൊരു ഭാഗം അമ്മയെ ഏല്പിച്ച് ബാക്കി സ്വന്തം അക്കൗണ്ടിൽ നിക്ഷേപിയ്ക്കും. അവിടേയും നിർദ്ദേശങ്ങളുമായി ആ അമ്മ കൂടെയുണ്ട്. ഈ ഓണത്തിന് ഒരു മാസത്തെ ശമ്പളം ബോണസ്സായി കിട്ടി. അതിന്റെ ഒരു ഭാഗമാണ് സൊസൈറ്റിയ്ക്ക് സംഭാവനയായി നൽകാൻ അമ്മയെ ഏല്പിച്ചത്. ഈ പണം സ്വീകരിക്കാൻ ഇന്ദിരചേച്ചി അല്പം മടി കാണിച്ചു. ഇത്രയും കഷ്ടപ്പാടുള്ള സാഹചര്യത്തിൽ എങ്ങനെ സ്വീകരിയ്ക്കും എന്നായി. എന്നാൽ മറ്റുള്ളവർക്കും ഇതൊരു പ്രചോദനമാകട്ടെ എന്ന ഡോ. റംലയുടെ അഭിപ്രായത്തെ മാനിച്ച് ആ പണം കൈപ്പറ്റി.

തീർന്നില്ല, അപ്രതീക്ഷിതമായി മറ്റൊരു ഓണസമ്മാനം കൂടി അതേ ദിവസം ഞങ്ങളെ തേടിയെത്തി, പണമായിട്ടല്ലെങ്കിലും. ഇന്ന് എംഹാറ്റ് ദിവസമാണ്. സുകുവും ഭാര്യയും 12 മണിആയിട്ടും എത്തിയില്ല. ഇഞ്ചക്ഷനുണ്ട്. മുടങ്ങാൻ പാടില്ല. പ്ലസ് വൺ വിദ്യാർത്ഥിയായ മകൾ അച്ഛന്റെയും അമ്മയുടേയും ചികിത്സയുടെ ഉത്തരവാദിത്വം ഏറ്റെടുത്തതോടെ ഒരു വിളിപ്പുറത്ത് അവർ എത്തുന്നതാണ്. ഇന്ന് ചികിത്സ മുടങ്ങിയിരിയ്ക്കുന്നു. അച്ഛൻ പതിവായി അമ്മാമ്മയുടെ കൂടെ ജോലിയ്ക്ക് പോകുന്നു. അതുകൊണ്ട് അടുത്ത ദിവസം എത്താമെന്ന മകളുടെ വിളി വന്നു. നാലുവർഷത്തിലേറെയായി കേൾക്കാൻ കാതോർത്ത വാർത്ത. ഇതുതന്നെയാണ് ഞങ്ങൾക്ക് ലഭിച്ച രണ്ടാമത്തെ ഓണസമ്മാനം. 80 വയസ്സുകഴിഞ്ഞ അമ്മ ആക്രി പെറുക്കിയാണ് ഇക്കാലമത്രയും മകനെയും കുടുംബത്തേയും പരിപാലിച്ചത്. വർഷങ്ങളായി റോഡിൽ അലഞ്ഞുനടന്നിരുന്ന മകൻ ഇന്ന് അമ്മയ്ക്കും കുടുംബത്തിനും താങ്ങുംതണലുമായിരിയ്ക്കുന്നു. എന്റെ കാലശേഷം ഞാൻ ഇവരെ ആരെ ഏല്പിച്ചുപോകും എന്ന അമ്മയുടെ ആശങ്കയ്ക്ക് ഒരറുതി വന്നിരിയ്ക്കുന്നു. സൊസൈറ്റിയ്ക്കും എംഹാറ്റിനും വളണ്ടിയർമാർക്കും ഇതിൽ പരം മഹത്തായ

ഒരോണസമ്മാനം ലഭിയ്ക്കാനുണ്ടോ?

ഓരോ രോഗിയും സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരായി എന്നറിയുമ്പോഴുള്ള ചാരിതാർത്ഥ്യം പറഞ്ഞറിയിക്കാനാവില്ല, മറ്റുള്ളവർക്ക് നിസ്സാരമെന്ന് തോന്നാമെങ്കിലും.

അങ്ങനെ കോവിഡ് കാലത്തെ ഈ ഓണം മധുരതരവും അവിസ്മരണീയവുമായി. പ്രതീക്ഷയോടെ കാത്തിരിക്കാം വരും കാലങ്ങളിൽ ഇനിയുമൊരു നല്ലോണത്തിനായി.

●

# "Leave no-one behind - equity in access to palliative care"

Padmaja - SIP

If we treat a disease we may win, or lose. But we will win if we treat a person as well as their disease. This is the reason behind the success of palliative care. The treatment of palliative care is focused on the patient and the patient's companions.However, there are those who do not get what they need to reach their best health.This time the theme of WHPCD is for such people. "Leave no-one behind - equity in access to palliative care".No matter where they live, who they love, what their age or their background,we must make sure everyone has access to Palliative Care.

For this,, Pain and Palliative Care Society Thrissur in collaboration with it's student wing SIP and NSS units,organized a panel discussion on "Leave no-one behind - equity in access to palliative care" and a musical event on 9th Oct 2021. Celebrations lasted for hours on zoom meeting.The programme , which was attended by about 250 people, discussed all types of patients who have been part of Palliative Care so far. Students from several colleges attended the event.Each panel was categorized into geriatric, cancer, chronic kidney disease, bed ridden & physiotherapy, and mental illness to cover all types of patients and the problems they face in total care.

Each of the students who participated in the discussion talked about the topics they were given and suggested solutions that they could do as volunteers to eliminate the limitations in that particular topic.Experts and senior volunteers of Pain and Palliative Care Society actively participated in the discussion by making appropriate corrections and sharing their valuable opinions on the topic. Everyone involved in the discussion was amazed at how meaningful the little things that students can do for the person who suffers and for his/her family.To emphasize the therapeutic significance of music and to make the program more interesting, a musical feast was held by Jasim Jamal, the popular musical artist.

Dr E Divakaran, Dr C Sathishkumar, Dr K C Rajashree (All are experts from the Pain and Palliative Care Society Thrissur), Dr Ajmal (Pain and Palliative Care society Wadakkanchery) and Ms Anu Savio Thelly (Palliative care nurse consultant MGMCRI Pondicherry) took part in the discussion as experts panelist.

●

# ഒരു തീൻ മേശയുടെ കഥ

തമ്പി കൊള്ളന്നൂർ

**കു**ടുംബത്തിന്റെ മൂന്ന് തലമുറകളിലൂടെ വളർന്നു വന്ന ഒരു കായികവിനോദത്തെക്കുറിച്ച് പങ്കുവെയ്ക്കാൻ ഈ പ്രായത്തിൽ ശ്രമിക്കുമ്പോൾ അനല്പമായ നിർവൃതി അനുഭവപ്പെടുന്നത് സ്വാഭാവികം.

കൽക്കത്തയിൽ പഠിക്കുമ്പോഴാണ് കോളേജ് ഹോസ്റ്റലിൽ ടേബിൾ ടെന്നീസ് എന്ന കളി ഞാൻ ആദ്യമായി കാണുന്നത് (1966-67). അധികം കായികാദ്ധ്വാനം ആവശ്യമില്ലാത്ത ഒരു ഇൻഡോർ ഗെയിം. മറ്റുള്ളവർ കളിക്കുന്നത് താല്പര്യത്തോടെ നോക്കി നിന്ന എന്റെ കണ്ണിലെ തിളക്കം കണ്ടിട്ടാവണം പാനേശ്വർ എന്ന് പേരുള്ള ബംഗാളി ഹോസ്റ്റൽ വാർഡൻ എനിക്ക് പരിശീലനം തന്നത്. ആ നന്ദി തീർത്താൽ തീരാത്തതാണ്.

എതിർ കോർട്ടിൽ നിന്ന് ശക്തിയോടെ വരുന്ന സ്മാഷ് ഷോട്ടുകൾ സ്വല്പം പിന്നിലേയ്ക്ക് നീങ്ങി നിന്ന് ബാറ്റിൽ സ്വീകരിച്ച് എതിർ വശത്തേക്ക് തിരിച്ചുവിടുന്ന ബാക്ക്ഹാൻഡ് ഡിഫൻസീവ് രീതിയായിരുന്നു എന്റെ ശൈലി.

കൽക്കട്ടയിൽ നിന്ന് മടങ്ങുമ്പോൾ ടേബിൾ ടെന്നീസ് വികാരത്തോടും വിട പറയേണ്ടി വന്നു എന്നാണ് കരുതിയത്. എന്നാൽ തുടർന്ന് പഠിച്ച പാലക്കാട് വിക്ടോറിയ കോളേജിന്റെ ഹോസ്റ്റലിലും (1967-69) നിലവാരം കുറഞ്ഞ, മരപ്പാളികളിൽ തീർത്ത, ഒരു ടേബിൾ ടെന്നീസ് ബോർഡ് ഉണ്ടായിരുന്നു. കളിക്കാനുള്ള അഭിനിവേശത്തിന് ചിലപ്പോഴൊക്കെ അവിടെയും ഭാഗ്യം കിട്ടി. ഹോസ്റ്റൽ ഡേ മത്സരത്തിൽ രണ്ടാം സ്ഥാനത്ത് എത്തുകയും ചെയ്തു. കഴിവുള്ള കുറെ മത്സരാർത്ഥികളിൽ നിന്ന് കടുത്ത മത്സരം ജയിച്ചു കയറി വന്നുകൊണ്ട്.

വീണ്ടുമൊരു ടേബിൾ ടെന്നീസ് ബോർഡിനടുത്തെത്തിയത് തിരുവനന്തപുരം ഏജീസ് ഓഫീസ് റിക്രിയെഷൻ ക്ളബ്ബിലായിരുന്നു (1970-72). ആയിരങ്ങൾ ജീവനക്കാരുള്ള ഓഫീസിൽ കളിക്കാൻ കിട്ടിയ അവസരങ്ങൾ തീരെ കുറവായിരുന്നു.

വർഷങ്ങൾ കടന്നുപോയി. ഓഫീസിന്റെ തൃശ്ശൂർ ബ്രാഞ്ചിൽ എത്തിയ ഞാൻ 1972ൽ വിവാഹിതനായി. ചെറിയ വാടക വീടുകളിലെ ജീവിതത്തിനിടയിൽ രണ്ട് കുട്ടികളുണ്ടായി - ഒരു മോളും ഒരു മോനും.

1984ൽ സ്വന്തമായി ഒരു വീടുണ്ടായി - ഉപഹാര. മുൻവശത്തെ ഹാളിന് 12 X 24 അടി വലിപ്പം ഉണ്ടായിരുന്നു.

വീണ്ടുമൊരു ടേബിൾ ടെന്നീസ് പ്രേമം പൂത്തുലഞ്ഞു വരാൻ എന്റെ മക്കൾ 10ഉം 12ഉം വയസ്സുകാരാവാൻ കാത്തിരിക്കേണ്ടി വന്നു.

ഒരു ദിവസം 6 X 4 വലിപ്പമുള്ള ഊൺമേശയുടെ എതിർവശങ്ങളിൽ നിർത്തി. പിടിക്കേണ്ടുന്ന വിധം പഠിപ്പിച്ച് രണ്ട് കുഞ്ഞുങ്ങളുടെ കയ്യിലും ബാറ്റ് കൊടുത്തു. കളിയുടെ ബാലപാഠങ്ങൾ എന്റെ പ്രതീക്ഷക്കപ്പുറത്തേക്കുള്ള വേഗത്തിൽ അവർ പരിചയിച്ചു. വലിപ്പം കുറഞ്ഞ ടേബിളിൽ നിന്ന് പുറത്തു പോയ പന്തുകൾ പലതവണ പെറുക്കിയെടുക്കുന്നതുപോലും വ്യായാമമായി കണക്കാക്കി.

പഠനം കഴിയുന്നതുവരെയും (എംഎസ്സി & എഞ്ചിനീയറിങ്ങ്) കുട്ടിൾ സമീപത്തുള്ള കോളേജുകളിൽ തന്നെയായിരുന്നതിനാൽ കോളേജ് ഹോസ്റ്റലിലെ സൗകര്യങ്ങൾ അനുഭവിച്ചിരുന്നില്ല (വീട്ടിലെ ഊൺമേശയിലെ പാഠങ്ങൾ മറന്നതുമില്ല).

മനോരമ - വനിതയിലെ ജോലിക്കാലത്താണ് പിന്നീട് അമ്മയായി കഴിഞ്ഞിരുന്ന മകൾ ടെന്നീസ് ബോർഡ് കാണുന്നതും സ്റ്റാഫ് റിക്രിയേഷൻ ടെന്നീസ് മത്സരങ്ങളിൽ കളിച്ച് സമ്മാനം നേടുന്നതും. അപ്പോഴൊക്കെ ഉപഹാറിലെ ഇന്നും ചീത്തയായിട്ടില്ലാത്ത ആ പഴയ ഊൺമേശയും വയസുചെന്ന ആ പഴയ കോച്ചും മോളുടെ ഓർമകളിലേക്ക് വരുന്നുണ്ടത്രെ.

പാലക്കാടും കോയമ്പത്തൂരും പഠിച്ചിരുന്നപ്പോൾ മോൻ ടെന്നീസ് കളിച്ചിരുന്നോ എന്നറിഞ്ഞുകൂടാ.

# രോഗത്തിന്റെ പൂക്കൾ

പ്രൊഫ. എം. ഹരിദാസ്

**രോ**ഗത്തന്റെ പൂക്കൾ - വി. രാജകൃഷ്ണൻ എഴുതിയ ഒരു വിമർശനകൃതിയുടെ പേര് ഇങ്ങനെയാണ് എന്നാണ് ഓർമ്മ. സുഹൃത്തും വിവിധ സർക്കാർ കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപികയുമായിരുന്ന കെ.എ. ഇന്ദിര എഴുതിയ 'പ്രവാസിയുടെ മകൾ' എന്ന ഉള്ളുരുക്കുന്ന കൃതിയുടെ വായനയെ തുടർന്നാണ് ആ ശീർഷകം ഓർമ്മയിൽ വന്നത്. വേട്ടക്കാരനെ പോലെ പ്രത്യക്ഷനായ അർബുദ രോഗത്തിന് ഇരയാക്കപ്പെട്ടതിന്റെ വേദനയും സാന്ത്വന പരിചരണകേന്ദ്രത്തിൽ പ്രവർത്തിച്ചപ്പോൾ നേരിൽ കണ്ട രോഗാവസ്ഥകൾ ഏകിയ അസ്വാസ്ഥ്യങ്ങളും കോവിഡ്കാല സങ്കീർണ്ണതകളുടെ കുരുക്കുകളും സൃഷ്ടിച്ച അദമ്യമായ ഉൾപ്രേരണയാണ് ഇന്ദിരയിലെ എഴുത്തുകാരിയെ അരങ്ങത്തെത്തിച്ചത്.

ശ്രീകൃഷ്ണ കോളേജിൽ നിന്ന് വിരമിച്ച സതിയാണ് ഈ പുസ്തകം സമ്മാനിച്ചത്. മൂന്ന് വർഷം മുമ്പ് മുരളി മാഷുടെ (പ്രൊഫ. എം. മുരളീധരൻ) മരണത്തെത്തുടർന്ന് എന്തോ കാര്യത്തിന് തൃശ്ശൂർ ജില്ലാ പാലിയേറ്റീവ് കെയറിൽ പോയപ്പോൾ അവിടെ സന്നദ്ധപ്രവർത്തകയായി മാറിയിരുന്ന ഇന്ദിരയെ കാണുകയുണ്ടായി. കാൻസർ സർവൈവർ ആണ് എന്ന് അന്നേ അറിയാമായിരുന്നു. ഇരുവട്ടം രോഗബാധിതയായി എന്നും അതിന്റെ ക്ളേശങ്ങൾ തുടരുകയാണെന്നും പിന്നീടാണറിഞ്ഞത്.

രോഗാവസ്ഥയുടെ വിവരണം ആയിരിക്കും ഉള്ളടക്കം എന്ന ധാരണയിലാണ് ഇരുപത്തിരണ്ട് ലേഖനങ്ങൾ ഉള്ള കൃതിയുടെ വായന ആരംഭിച്ചത്. സ്മൃതിനാശം ബാധിച്ച അമ്മയുടെ ദയനീയാവസ്ഥയെക്കുറിച്ചുള്ള വിവരണമാണ് പ്രവാസിയുടെ മകൾ എന്ന ആദ്യലേഖനത്തിലെ പ്രതിപാദ്യം. സ്മൃതിയുടെ അടരുകൾ ഓരോന്നായി പൊഴിഞ്ഞ് മകളെ മനസ്സിൽ നിന്ന് അകറ്റിയ അമ്മ എങ്ങനെയാണ് ഏകാകിയായ പ്രവാസിയായി മാറിയതെന്ന് ചിത്രീകരിക്കുമ്പോൾ തന്നെ ഇന്ദിരയ്ക്ക് രചനയിലുള്ള കൃതഹസ്തത പ്രകടമാകാൻ തുടങ്ങി. "അമ്മയുടെ ഓർമ്മകളിൽ നമ്മളില്ലാതാവുമ്പോഴാണ് നാം മരിയ്ക്കുന്നത്"എന്ന അഷിതയുടെ വചനം ഓർത്തുകൊണ്ടാണ് ആ ലേഖനം അവസാനിപ്പിക്കുന്നത്. അഷിതയ്ക്ക് പുറമേ ലാവോത്സു, മിലൻ കുന്ദേര, സച്ചിദാനന്ദൻ, മാധവിക്കുട്ടി, കല്പറ്റ നാരായണൻ, എൻ.എൻ. കക്കാട്, ആർ. രാമചന്ദ്രൻ തുടങ്ങി ഏറെ എഴുത്തുകാരെ ആശ്രയിക്കുന്നുണ്ട് ഇന്ദിര ഈ ലേഖനത്തിൽ. ഇപ്രകാരം വായനയുടെ ആർജിത സംസ്കാരം ലേഖികയ്ക്ക് നല്കിയ ഉപലബ്ധികൾ സന്ദർഭോചിതമായി ഇണക്കിച്ചേർത്ത് (ഉദ്ധരണി കല്ലുകടിയില്ലാതെ എന്ന അർത്ഥത്തിൽ) പ്രതിപാദനവിഷയത്തെ സാക്ഷ്യപ്പെടുത്തുന്നത് സമാഹാരത്തിലെ എല്ലാ ലേഖനങ്ങളുടേയും പൊതുരീതിയാണ് എന്ന് ആദ്യമേ പറഞ്ഞു വയ്ക്കട്ടെ. വായനക്കാരെ സംബന്ധിച്ച് അറിവിന്റെ നവവാതായനങ്ങൾ തുറക്കുന്നതിനുള്ള ക്ഷണമായി അത് മാറുന്നും ഉണ്ട്.

അർബുദം ഇന്ദിരയുടെ ശരീരത്തിൽ ക്രൂരനഖങ്ങൾ ആഴ്ത്തിയതിനെ തുടർന്നുണ്ടായ വേദനാപർവ്വം ആണ് രണ്ടാം ലേഖനം. കഠിനമായ ചികിത്സാവിധികളുടെ സംയോജിത പ്രയോഗത്തിലൂടെ ആട്ടിപ്പായിച്ചു എന്ന് വിശ്വസിക്കാൻ തുടങ്ങിയ രോഗത്തിന്റെ നവാവതാരമാണ് രണ്ടാം വരവ് എന്ന അടുത്ത ലേഖനത്തിലെ ഉള്ളടക്കം. രോഗാവസ്ഥയുടെ അലോസരാനുഭവത്തിലേക്ക് കടന്നപ്പോൾ തന്നെ പുസ്തകത്തിന്റെ വായന നല്കാൻ തുടങ്ങിയ വിഷാദം ഈ ലേഖനത്തോടെ സാന്ദ്രതയാർജ്ജിക്കാൻ തുടങ്ങി. പിന്നീട് ഉള്ള ചില ലേഖനങ്ങൾ സാന്ത്വനപരിചരണരംഗത്തെ അനുഭവങ്ങളുടെ ആലേഖനങ്ങൾ ആണ്. ഇന്ദിരയുടെ വ്യക്തിപരമായ ദു:ഖാനുഭവങ്ങൾക്ക് സാർവ്വലൗകികതയുടെ മാനങ്ങൾ നല്കുന്ന ഈ ലേഖനങ്ങൾ കൂടി വായിക്കുന്നതോടെ എത്ര ഹൃദയസ്പർശി ഈ എഴുത്ത് എന്ന തോന്നൽ ശക്തമാകുന്നു.

ഇരുപതിലധികം ലേഖനങ്ങൾ ഉള്ള സമാഹാരത്തിലെ ആദ്യത്തെ ആറെണ്ണത്തിന്റെ ഉള്ളടക്കം ഇപ്രകാരം രോഗവും രോഗികളും ആയി ബന്ധപ്പെട്ടതാണ്. വായനാനുഭവങ്ങളും സാമൂഹികനിരീക്ഷണങ്ങളും സാഹിത്യവിമർശനവും മറ്റും ആണ് ശേഷിക്കുന്നവയുടെ പ്രതിപാദ്യം. അവധാനപൂർവം വായി

ക്കേണ്ട പഠനോചിതങ്ങളായ പ്രബന്ധങ്ങളാണ് അവ. പ്രതിപദ്യവിഷയത്തിൽ നാളിതുവരെ ആരും ശ്രമി ക്കാത്ത നിരീക്ഷണം നടത്തുന്നു എന്ന വസ്തുത യാണ് അവയെ ശ്രദ്ധേയമാക്കി മാറ്റുന്നത്. ഒന്നുരണ്ട് ലേഖനങ്ങൾ മാത്രം ഈ പ്രസ്താവനയ്ക്ക് സാക്ഷ്യ ങ്ങൾ ആയി ഇവിടെ സ്പർശിച്ചു പോകട്ടെ.

വളരെ പ്രസിദ്ധമാണല്ലോ, മണ്ണാങ്കട്ടയും കരി യിലയും കൂടി കാശിക്ക് പോയ കഥ. അപനിർമ്മാണ ത്തിന്റെയും പുനർവായനയുടെയും കാലത്ത് ആ കഥ പൊളിച്ചെഴുതുവാനാണ് ഇന്ദിര ഉദ്യമിക്കുന്നത്. "ഐക മത്യം മഹാബലം", "ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം" തുടങ്ങിയ പഴഞ്ചൊല്ലുകളെ ദുർബലപ്പെ ടുത്തുന്നതാണല്ലോ അതിലെ ഉള്ളടക്കം. കുട്ടികൾക്ക് എന്ത് സന്ദേശമാണ് അത് നല്കു ന്നത്? നിഷ്കളങ്കവും നിർവ്യാജവും ആയ സൗഹൃ ദങ്ങൾക്ക് വലിയ വില കൊടു ക്കേണ്ടിവരും, ദുർബലരുടെ നിലനില്പ് തന്നെ അപകടത്തി ലാണ്. കയ്യൂക്കുള്ളവർ കാര്യ ക്കാർ തുടങ്ങിയ സന്ദേശങ്ങ ളാണോ കുട്ടികൾക്ക് അതിൽ നിന്ന് ലഭിക്കുന്നത് എന്ന് സംശ യിക്കേണ്ടിയിരിക്കുന്നു. ഭോപ്പാ ലും, കാസർകോഡും, ഓഷ്വിറ്റ്സ് തടങ്കൽപ്പാളയ ത്തിലും നടന്ന കൂട്ടകുരുതി കൾ ദുർബലരെ എങ്ങനെ പ്രാന്തവൽക്കരിച്ച് ഉന്മൂലനം ചെയ്തു എന്ന ചിന്തയിലേ ക്കാണ് ഇന്ദിര പിന്നീട് നമ്മെ നയിക്കുന്നത്. അതോടെ ആ കുട്ടിക്കഥ വലിയ വലിയ സാമൂ ഹികതിന്മകൾക്കുള്ള വക്കാ ലത്തും ന്യായികരണവും ആയി മാറുന്നത് എങ്ങനെ യെന്ന് നാം മനസ്സിലാക്കുന്നു.




ലിയോ ടോൾസ്റ്റോയിയുടെ ഇവാൻ ഇലിയി ച്ചിന്റെ മരണവും ജാപ്പനീസ് സിനിമാസംവിധായക നായ അകിര കുറസോവയുടെ ഇക്കുറു എന്ന ചല ച്ചിത്രവും താരതമ്യം ചെയ്യുന്ന ലേഖനവും മൗലിക മായ നിരീക്ഷണമാണ് അവതരിപ്പിക്കുന്നത്. ജയമോ ഹന്റെ നൂറ് സിംഹാസനങ്ങൾ എന്ന ലഘുനോവലും സാറാ ജോസഫിന്റെ വയർപ്പടയാളങ്ങൾ എന്ന ചെറു കഥയും തമ്മിലുള്ള സമാനതകൾ അന്വേഷിക്കുന്ന "സിംഹാസനങ്ങളിലെ വിയർപ്പടയാളങ്ങൾ" എന്ന ലേഖനത്തിൽ ഇന്ദിരയുടെ സാഹിത്യാപഗ്രഥനവൈ ഭവം പീലിവിടർത്തുന്നതു കാണുന്നുണ്ട്. ഇങ്ങനെ എണ്ണിപ്പറയേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. സാഹിത്യതാല്പര്യവും സാമൂഹ്യബോധവും, മനുഷ്യ രാശിയുടെ സുരക്ഷയിൽ ജാഗ്രത പുലർത്തുന്ന മനസ്സും ഉള്ള വായനക്കാരെയെല്ലാം അറിവിന്റെയും ആസ്വാദനത്തിന്റെയും പാതയിലൂടെ നയിക്കുന്നുണ്ട് ഇതിലെ ഓരോ ലേഖനവും എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ വിശകലനം അവസാനിപ്പിക്കട്ടെ.

സ്വാതന്ത്രബുദ്ധിയും സ്വാഭിപ്രായധീരയും നർമ്മബോധവുമുള്ളവളും ആയ വ്യക്തിയാണ് ഇന്ദിര എന്ന് നേരത്തെ മനസ്സിലാക്കി യിരുന്നു. എന്നാൽ ഇത്ര സാഹിത്യാവഗ്രാഹവും വിശക ലനവിരുതും ഉള്ള എഴുത്തു കാരി കൂടിയാണ് അവർ എന്നത് പുതിയ അറിവാണ്. ആംഗല - മലയാള സാഹിത്യ ങ്ങളോടുള്ള ആഭിമുഖ്യവും ദിശ തെറ്റാത്ത രാഷ്ട്രീയബോ ധവും പ്രതിഫലിപ്പിക്കുന്ന ഈ രചനകൾ പരിണതപ്രജ്ഞായ ഒരു എഴുത്തുകാരിയുടെ തൂലി കയ്ക്കേ സമയ്ക്കാനാവൂ എന്ന് വ്യക്തം.

ഇന്ദിരയ്ക്ക് രോഗം വന്നതി ലെന്നപോലെ ഇന്ദിര നേരത്തെ എഴുത്ത് ആരംഭിക്കാത്തതിലും വേദന തോന്നി.

അവതാരിക എഴുതിയ കെ. അരവിന്ദാക്ഷന്റെ "........ സ്നേഹിതയുടെ രാപ്പകലുകൾ ശാന്തമാകട്ടെ" എന്ന പ്രാർത്ഥനയ്ക്ക് ഞാനും അടിവരയിടുന്നു....

●

കഥ

# എന്ന് ...... ശ്യാമ

റഹി ബെച്ചു

**രാ**വിലെ ശ്രീയേട്ടന്റെ പത്രപാരായണം ആരംഭിച്ചപ്പോൾ തന്നെ ഒരു കപ്പ് ചായ കയ്യിൽ കൊടുത്ത് വിനയം കൈവിടാതെ ഞാൻ പറഞ്ഞു "അതേയ്..... ശ്രീയേട്ടാ.... എനിയ്ക്കൊരു കാര്യം......"

മുഴുവനാക്കുന്നതിന് മുമ്പേ മാർദ്ദവമില്ലാത്ത സ്വരത്തിൽ "എന്റെ ശ്യാമേ രാവിലെ തന്നെ മൂഡ് കളയാതെയൊന്നു പോകുന്നുണ്ടോ....!

എങ്കിൽ ഇപ്പൊ വേണ്ടല്ലേ, കുളിച്ചു വരുമ്പോൾ പറയാം. മൊരുമൊരാ ദോശയും ആവിപറക്കുന്ന സാമ്പാറും, ചമ്മന്തിയും തയ്യാറാക്കി വെച്ചു. ശ്രീയേട്ടൻ വന്നപ്പോൾ ചൂടോടെ വിളമ്പി കൊടുത്ത് ഞാനും മേശക്കരികിൽ ഇരുന്നു. എന്നിട്ട് അപേക്ഷഭാവത്തിൽ തുടർന്നു.

അതേയ്.... ശ്രീയേട്ടാ ഞാൻ നേരത്തെ പറയാൻ വന്നതെന്താണെന്നോ...

കേട്ട മാത്രയിൽ രണ്ടുചുമച്ചുമച്ച് "ഭക്ഷണം കഴിയ്ക്കുമ്പോഴെങ്കിലും ഒന്ന് സ്വൈര്യം തന്നൂടെ ശ്യാമേ..... മനുഷ്യന്റെ തരിപ്പേകേറി നാശം". വേഗം വെള്ളം കൊടുത്തു നെറുകയിൽ തട്ടി ആ അവസരവും മറികടന്നു.

ഇപ്പൊ തിരക്കിൽ അല്ലല്ലോ.... അതേയ്.... എനിക്ക് തീരേ.....

അല്പം പ്രകോപിതമായ സ്വരത്തിൽ "നീ എനിക്ക് ഇവിടെയും....." മറുവശത്തുനിന്നുള്ള മറുപടി കേട്ടപ്പോൾ നെഞ്ചിൽ പെരുമ്പറയടി മുഴങ്ങി. ശേഷം ഫോൺ വെച്ച് ആത്മനിയന്ത്രണത്തിന് ശ്രമിച്ചു. സാരമില്ല ജോലിക്കൂടുതൽ കൊണ്ടായിരിയ്ക്കും വ്യാഴാഴ്ച വരെ സമയമുണ്ടല്ലോ.....!

ഓഫീസിൽ നിന്നും വന്ന് പതിവപോലെ ചായ കുടിച്ചു കമ്പ്യൂട്ടറിന്റെ അടുത്തേയ്ക്ക് പോകുന്നതിന് മുന്നേ പറയാം. അതായിരിക്കും നല്ലത്. അടുത്ത ഊഴം കാത്തിരിക്കുമ്പോഴേയ്ക്കും പതിവില്ലാത്ത വിധം ശ്രീയെട്ടൻ കിടക്കുന്നു.

"എന്താ ശ്രീയേട്ടാ തലവേദനിയ്ക്കുന്നുണ്ടോ....? ബാം പുരട്ടണോ..... അയ്യോ ചെറിയ മേകാച്ചൽ ഉണ്ടല്ലോ.... ഒന്ന് ഡോക്ടറെ പോയി കണ്ടാലോ...." വികാരാർദ്രതയോടെ ഞാൻ ചോദിയ്ക്കാൻ തുടങ്ങി.

അത് കേട്ടതും നിഷേധാർത്ഥത്തിൽ തലയൊന്നുവെട്ടിച്ച് "ഇപ്പൊ സ്വസ്ഥതയാണ് വേണ്ടത് വാതിൽ അടച്ചൊന്നു പോയ്ത്തരാമോ".....

ശ്രീയേട്ടന്റെ അംഗചലനത്തിൽ പോലും ഒരു നിന്ദിക്കൽ രൂപപ്പെടുന്നുണ്ടോ...? അതോ എന്റെ തോന്നൽ ആണോ? ഏയ് അങ്ങിനെയൊന്നും ആവില്ല.

വിസ്തൃതിയുള്ള മനസ്സാണെന്ന് നമ്മൾ കരുതും. പക്ഷേ ഓരോരുത്തരും ഹൃദയത്തിൽ അഴികൾ ഉണ്ടാക്കി ആ തടങ്കലിൽ സ്വന്തം ചിന്തകളെ... അല്ലെങ്കിൽ അഭിപ്രായങ്ങളെ..... വിഹരിയ്ക്കാൻ വിടും. അല്ലെ..... അതല്ലേ ശരി!!

ഒരു കാര്യം ചെയ്യാം നാളെയാവട്ടെ ശ്രീയേട്ടന്റെ ആത്മമിത്രത്തെ വിളിച്ചു വിവരം പറയാം പുള്ളിക്കാരൻ വിശദമായി പറഞ്ഞോളും.

"വിനോദേട്ടാ ശ്യാമയാണ് എന്താ വിശേഷം, നീതുനും, കുട്ട്യോൾക്കും സുഖല്ലേ?.... അത് പിന്നെ ഞാൻ ഒരു കാര്യം പറയാനാ വിളിച്ചേ.....

"ആ പറയൂ.... ഞാൻ എപ്പൊഴും പറയും ശ്യാമേ കൂട്ടി ഇങ്ങോട്ടിറങ്ങിക്കൂടെ ശ്രീനാഥേയെന്ന്.... ഇടയ്ക്ക് വിശേഷം അന്വേഷിക്കാറുണ്ട്ട്ടോ, പറയാറില്ലേ....എന്നും ഞങ്ങൾ കാണുമെങ്കിലും സംസാരിച്ചു മതിയാവാറില്ല. മതം, രാഷ്ട്രീയം..... അങ്ങിനെ പോകും വിഷയങ്ങൾ, പിന്നെ നമ്മുടെ കുഞ്ഞനണു കൊറോണയും...."

'ഞാൻ വിളിക്കാട്ടോ ശ്യാമേ.....നീതു വിളിക്കുന്നു പെട്ടെന്ന് ഫോൺ എടുത്തില്ലെങ്കിൽ പിന്നെ അവളുടെ സ്വഭാവം അറിയാല്ലോ. ഞാൻ വെയ്ക്കാണേ....'

ഇനി ധന്യേച്ചി തന്നെ ശരണം. ചേച്ചിയോട് പറയാം, ആങ്ങളയോട് പെങ്ങൾ വിശദീകരിച്ചു കൊടുത്തോളും.

"ചേച്ചി.... എന്തുണ്ട് വിശേഷം, പേരക്കുട്ടികൾ എന്തുപറയുന്നു. അതേയ്..... ചേച്ചി ഞാൻ കുറെ ദിവസങ്ങളായി നല്ലതിരക്കിലായിരുന്നു. ഒരു കാര്യം പറയാനാ ഇപ്പൊ വിളിച്ചേ.... എനിയ്ക്ക്....

ആ ശ്യാമേ ഇവിടേം നല്ല ബഹളം തന്ന്യാ... പേരക്കുട്ടികളും, പിന്നെ നിങ്ങടെ അളിയൻ ഒരാള് മതിയല്ലോ.... തിരക്കോട് തിരക്ക് തന്നെ.... ശ്യാമേ.... കുഞ്ഞാവ എണീറ്റുന്നാ തോന്നണേ, പോയി നോക്കട്ടെ.... ഒഴിവ് പോലെ പിന്നെ വിളിക്കാട്ടോ.....

ഫോൺ വെച്ചപ്പോൾ എന്നിലെ ഏകാന്തത ബോധം നുരഞ്ഞുപൊന്തി.... മാത്രമല്ല എവിടെയോ ഒളിഞ്ഞു കിടന്നിരുന്ന ബലഹീനത പുറത്തുവന്നു കൊണ്ടേയിരുന്നു.... ഏയ് നിയന്ത്രണം വിടരുത്. അതിജീവിച്ചെ പറ്റൂ.... ഇനിയൊന്നും നോക്കാനില്ല വാട്സാപ്പിലും, വേണേൽ മെസ്സെഞ്ചറിലും ഒരു മെസ്സേജ് അയക്കാം അതാകുമ്പോൾ കാണാതിരിക്കില്ല ശ്രീയേട്ടൻ.

എട്ടാം വയസ്സിൽ അച്ഛനും പന്ത്രണ്ട് വയസ്സിൽ അമ്മയും മരിയ്ക്കുമ്പോൾ എനിയ്ക്കും ചേട്ടനും ബന്ധുവായി അച്ഛന്റെ ഒരു ചേട്ടൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നോട് അഭിപ്രായം ആരായാതെയും എന്റെ പ്രായം കണക്കിലെടുക്കാതെയും ശ്രീയേട്ടന്റെ കൈകളിൽ ഏല്പിച്ചിട്ടിപ്പോൾ ഇരുപത്തെട്ടു വർഷം കഴിഞ്ഞു. ബാല്യം.... ലോകത്തിലെ സങ്കീർണതയെ കുറിച്ച് ബോധമില്ലാതെ ജീവിച്ചു തീർക്കേണ്ട അനുഗ്രഹീത കാലഘട്ടം ആണല്ലോ..... അത് പോലും ആസ്വദിച്ചു തീരും മുമ്പേ ഭാര്യയായി. അമ്മയായി.

വല്ല്യച്ഛന്റെ മരണത്തോടെ ചേട്ടനും വല്ലപ്പോഴുമുള്ള ഫോൺ വിളികളിൽ ബന്ധം ഒതുക്കി.

പക്ഷേ ഏകാന്തതയിൽ വീണ് പോകാതിരിയ്ക്കാനുള്ള ഒരു ഊന്നുവടിത്തന്നെ ആയിരുന്നു ശ്രീയേട്ടൻ. എപ്പോഴോ സ്നേഹവും പ്രണയവും അതിന്റെ ഉഗ്രദശ കടന്നപ്പോൾ അഭിപ്രായങ്ങളും, അഭിപ്രായവ്യത്യാസങ്ങളും ചെറിയ വിദ്വേഷത്തിന് പ്രേരണയായി.

പിന്നെയങ്ങോട്ടുള്ള അനുഭവങ്ങൾകൊണ്ട് ഞാൻ സ്വന്തമായി ഒരു ലോകം സൃഷ്ടിച്ചു. എന്നിട്ടവിടെ കുമിഞ്ഞുവന്ന വികാരങ്ങളെ മേയാൻ വിട്ടു. ശേഷം അതായി മാറി എന്റെ ലോകം.

ശ്രീയേട്ടന്റെ ജീവിതകാഴ്ചപ്പാടിന്റെ വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ കാണുന്നതിൽ നിന്നും വിഭിന്നമായിട്ടായിരുന്നു ഞാൻ നോക്കി കണ്ടത്. അപ്പോൾ ഞാനവിടെ നിരായുധയായി... തനിച്ചായി....

അയ്യേ മനസ്സ് ചഞ്ചലമാകുന്നോ, ഇല്ല ഒരു ചാഞ്ചല്യവുമില്ല. ഞാൻ ഒരുങ്ങി കഴിഞ്ഞു.

ഈ സന്ദേശം നിങ്ങൾ വായിച്ചില്ലെങ്കിൽ അതൊരു നികത്താനാവാത്ത നഷ്ടം ആയിരിയ്ക്കും

അതേയ്.... ശ്രീയേട്ടാ ഫോർവേഡ് മെസ്സേജ് ആണെന്ന് തോന്നാനുള്ള കോപ്രായങ്ങൾ ആയിരുന്നുട്ടോ അതൊക്കെ അങ്ങനെയെങ്കിലും ശ്രീയേട്ടൻ വായിക്കാൻ വേണ്ടിയുള്ള എന്റെ

ബുദ്ധിയപാരം തന്നെയല്ലേ. ശ്രീയേട്ടൻ എപ്പോഴും പറയാറില്ലേ, നിനക്കൊന്നും അറിയില്ല. ഞാൻ പറയുന്നതൊന്നും മനസ്സിലാകില്ല എന്നൊക്കെ, പക്ഷേ ഇതൊരു ബുദ്ധിതന്നെയല്ലേ

വിഷയത്തിലേയ്ക്ക് വരാം. കഴിഞ്ഞ കുറേ ദിവസങ്ങൾ ആയി ഞാൻ ഒരു കാര്യം പറയാൻ ശ്രമിയ്ക്കുന്നു. പക്ഷേ പിടി തന്നില്ലല്ലോ...സാരമില്ല.

ഒരു ദിവസം ഞാനെന്റെ ശരീരത്തിൽ ഓടികളിയ്ക്കുന്ന ഒരു ഗോലിക്കായപ്പോലെ ഒരു തടിപ്പ് കാണിച്ചുതന്നില്ലേ. അപ്പൊ ശ്രീയേട്ടൻ പറഞ്ഞില്ലേ "അത് നീരുവീണതായിരിയ്ക്കും എന്ന്". എന്നാലേ അവനൊരു വില്ലനായിരുന്നു. എനിയ്ക്കിട്ടു പണിതന്നു. കൂടുതൽ അസ്വസ്ഥത കണ്ടപ്പോൾ ഡോക്ടറെ കാണിച്ചൂട്ടോ... ഞാനും വടക്കേലെ ദേവേടത്തിയും കുറച്ചു ദിവസായിട്ട് മിക്കവാറും ഹോസ്പിറ്റലിൽ തന്നെ ആയിരുന്നു. പാവം അവർ എന്റെ കൂടെതന്നെ ആയിരുന്നുട്ടോ ശ്രീയേട്ടാ.

വീടുപണിയ്ക്ക് എടുത്ത എന്റെ സ്വർണ്ണത്തിനുപകരമായി ബാങ്കിൽ ഇട്ടിരുന്ന പൈസ കുറച്ചൊക്കെ ചെലവായിട്ടോ. ഇനി ഒരു വല്ല്യേ ഓപ്പറേഷൻ വേണത്രെ, അത് പറയാനായിരുന്നു ഞാൻ ഇത്രേം ഒക്കെ ചെയ്തുകൂട്ട്യേ.

പിന്നെ ആരോടും പറയേണ്ട എന്ന് ഞാൻ പ്രത്യേകം ചട്ടം കെട്ടീണ്ട് ദേവേടത്തിയോട്. അതോണ്ട് മോളൊന്നും ഇതുവരെ അറിഞ്ഞിട്ടില്ല. ഇനിയും അറിയേണ്ട. അവൾ പിഎച്ച്ഡി എടുക്കല്ലേ അപ്പൊ നല്ല ശ്രദ്ധ വേണം. മംഗലാപുരത്തുനിന്നും ഇപ്പോഴൊന്നും വരില്ല.

അതേയ് ശ്രീയേട്ടാ എനിയ്ക്ക് ഈ ഓപ്പറേഷൻ ഒന്നും വേണ്ടെന്നില്ല. ഴന്നോ, രണ്ടോ ലക്ഷം രൂപ വരെ ചെലവാക്കിയാൽ മതീട്ടോ. എനിക്ക് ഞാൻ ഇട്ട വില അത്രയാണ്. മോൾക്ക് വേണ്ടി മാറ്റിവെച്ച പൈസ എടുക്കരുത് കേട്ടോ.... എന്തായാലും എത്രയും പെട്ടെന്ന് തിരുവനന്തപുരം വരെ പോയി നോക്കാനാ ഇവിടുത്തെ ഡോക്ടർ പറഞ്ഞത്. ഇന്ന് ഞാനും ദേവേടത്തിയും അവരുടെ പേരക്കുട്ടിയും കൂടെ പോവാ.....

ശ്രീയേട്ടന് ജോലിക്കൂടുതലായതോണ്ട് സൗകര്യം പോലെ വരും എന്നാ പറഞ്ഞിരിയ്ക്കുന്നേ.... വരികേം ഒന്നും വേണ്ടാട്ടോ.

ഒരു കണക്കിന് ശ്രീയേട്ടൻ ഒന്നും അറിയാഞ്ഞത് നന്നായി. ഹോസ്പിറ്റലിലേയ്ക്ക് ഇറങ്ങുന്ന നേരത്ത് എനിക്ക് കാണാനും വയ്യാ....

പിന്നേയ് എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടോന്ന് എനിക്കറീല്ല. എപ്പോഴാ കാൽക്കൽ വീണ് ക്ഷമപറയാൻ മനസ്സൊന്നു പിടഞ്ഞതായിരുന്നു. പക്ഷേ ശരീരം അനുവദിയ്ക്കാൻ കൂട്ടായ്ക്കില്ല. ദുരഭിമാനം.

ഭക്ഷണ കാര്യമൊക്കെ ദേവകിയെ ഏല്പിച്ചിട്ടുണ്ട്. ഇത്തിരി ക്ഷമയോടെ അവളോട് ചോദിച്ചാൽ മതി. അവൾ വേണ്ടപോലെ വീട് നോക്കിക്കോളും, രാത്രി കൂട്ടിനു ഓഫീസിലെ പ്യൂൺ രമേഷിനെ വിളിച്ചോണം..... ഒറ്റയ്ക്ക് കിടക്കരുത്.... എന്ന്.......

●

# കല്യാൺ സിൽക്കിന്റെ വക
# ഹോം കെയർ
# വാഹനം




**രോ**ഗബാധിതരായ നമ്മുടെ സഹോദരങ്ങളെ അവരുടെ വീടുകളിൽ ചെന്ന് സാന്ത്വന പരിചരണം നൽകുന്നതിനായി കല്യാൺ സിൽക്ക് ഒമ്പതുലക്ഷം വിലവരുന്ന ഹോംകെയർ വാഹനം 2021 സെപ്തംബർ 30ന് സംഭാവന ചെയ്തു. ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഹരിത വി. കുമാർ കല്യാൺ സിൽക്സിന്റെ ശ്രീ. പട്ടാഭിരാമന്റെ സാന്നിദ്ധ്യത്തിൽ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.

Quarterly of **PAIN AND PALLIATIVE CARE SOCIETY, THRISSUR**

(Private circulation only)

# കാരുണ്യത്തിലൂന്നുന്ന
# മനുഷ്യാവകാശ
# പ്രവർത്തനമാണ്
# സാന്ത്വനപരിചരണം

*This issue sponsored by*

**Sri Vari Automotives**
**Karunakaran Nambiar Road, Thrissur**

## KIND ATTENTION OF DONORS

- Donations to the Society are exempt under section 80G of IT Act.
- For availing the above exemption the donations exceeding Rs 2000/- are to be made either by way of cheque or by direct credit to our a/c through NEFT / RTGS / IMPS, etc. Donations in cash exceeding RS. 2000/- per annum are not eligible for it exemption as per the prevailing rules.
- Please draw cheques favouring **Pain and Palliative Care Society**
- *Bank a/c details :*

  **Karnataka Bank Ltd**
  **Round East, Thrissur – 680001**
  **SB A/c No. 7752500100057301**
  **IFSC: KARB0000775**
- Those who make direct remittance to the bank a/c may please inform the same, along with address and PAN No, either over phone 0487 – 2322128 / 9447130271 (Indira Gopinath) / 9495053510 (S. Balakrishnan) or by email to *ppcs.thrissur@gmail.com*
- We will send the receipt to the postal address given by the donor.

Printed and Published by Pain and Palliative Care Society, Thrissur. Phone : **0487 2322128.**
Printed at iMAC Creations, Thrissur - 680 001. Ph : **9847039339.** Editor : Secretary, PPCS.